മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

MY LORD AND MY GOD

Vol. 06 No. 13 — THE ONLINE OFFICIAL NEWS BULLETIN — 2023 April 01

SEASON OF GREAT LENT — വലിയ നോമ്പുകാലം

SUNDAY	MONDAY	TUESDAY	WEDNESDAY	THURSDAY	FRIDAY	SATURDAY
2 Ushané (Osana) Palm Sunday ♪7	3	4	5 58nd Memorial of Kuriakose Mar Gregorios Metropolitan ✠ (Pampady Dayara)	6 Pesaho Hamsho drozo	7 Good Friday 215th Memorial of Valiya Mar Dionysius Metropolitan ✠ (Mar Thoma VI) (Puthencavu Palli)	8 Reconciliation Service
	Vade Dalmino	Passion Week	Bothe dhasho	(Thursday of the Mysteries)	erubto dazqifuto	sabto dnuhro
	Hasha Monday	Hasha Tuesday	Hasha Wednesday	Maundy Thursday	Great Friday	Gospel Saturday



പ. കാതോലിക്ക ബാവായുടെ മുഖ്യ കാർമികത്വത്തിൽ ന്യൂ ഡൽഹി സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ നാല്പതാം വെള്ളി ആചരിച്ചു.



പാമ്പാടി തിരുമേനിയുടെ ഓർമ്മപ്പെരുന്നാളിനു കൊടിയേറി. കോട്ടയം ഭദ്രാസന മെത്രാപ്പോലീത്താ ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് കാർമികത്വം വഹിച്ചു.



പത്തനംതിട്ട കാതോലിക്കേറ്റ് കോളേജിൽ പൗലോസ് ദ്വിതീയൻ ബാവായുടെ സ്മരണാർത്ഥം നിർമ്മിച്ച പുതിയ ബ്ലോക്കിന്റെ ഉത്ഘാടനം ഗോവ ഗവർണ്ണർ പി. എസ്. ശ്രീധരൻപിള്ള നിർവ്വഹിച്ചു. പരിശുദ്ധ കാതോലിക്ക ബാവാ, കുര്യാക്കോസ് മാർ ക്ലീമിസ്, ആന്റോ ആന്റണി എം. പി. പ്രിൻസിപ്പൽ ഡോ. ഫിലിപ്പോസ് ഉമ്മൻ, അഡ്വ. ബിജു ഉമ്മൻ തുടങ്ങിയവർ സമീപം.



ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ മുളന്തുരുത്തി മാർത്തോമ്മൻ പള്ളിയിൽ നടന്ന കാതോലിക്കാ ദിനാഘോഷം പ. കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്യുന്നു.



ശിവഗിരിമഠത്തിന്റെയും ഗുരുധർമ്മ പ്രപരണസഭയുടെയും ആഭിമുഖ്യത്തിൽ സത്യഗ്രഹസ്മാരക ഹാളിൽ വൈക്കം സത്യഗ്രഹ ശതാബ്ദിയാഘോഷം പ. മാത്യൂസ് തൃതീയൻ കാതാലിക്കാബാവാ ഉദ്ഘാടനം ചെയ്തു.



സിറിയയിലും, തുർക്കിയിലും ഉണ്ടായ ഭൂകമ്പത്തെ തുടർന്നു കഷ്ടത അനുഭവിക്കുന്ന സഹോദരങ്ങൾക്കു ദുബായ് സെന്റ് തോമസ് കത്തീഡ്രൽ യുവജന പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ ഇടവകയിൽ നിന്ന് സമാഹരിച്ച കരുതൽ സാമഗ്രികൾ UAE RED CRESCENT അധികൃതർക്ക് ഡോ. യാക്കൂബ് മാർ ഐറേനിയോസിന്റെ നേതൃത്വത്തിൽ കൈമാറി. ഭക്ഷണവും, വസ്ത്രങ്ങളും അടങ്ങിയ ഏകദേശം രണ്ടര ടൺ സാധനങ്ങളാണ് കൈമാറിയത്.

ലേഖനം

മാർ അപ്രേമിന്റെ വേദശാസ്ത്രം

ഡോ. യൂഹാനോൻ മാർ ദീയസ്‌ക്കോറോസ്

മാർ അപ്രേമിന്റെ കൃതികളിൽ കാണുന്ന ചില പ്രധാന വിഷയങ്ങൾ മാത്രം ഇവിടെ പരാമർശിക്കുന്നു. മാർ അഫ്രാത്തസിനെപ്പോലെ തന്നെ ഗ്രീക്കു തത്വശാസ്ത്രമോ മറ്റു വിദേശ ചിന്താഗതികളോ മാർ അപ്രേമിന്റെ മേൽ സ്വാധീനം ചെലുത്തിയിട്ടില്ലെങ്കിലും ഗ്രീക്കു - ലാറ്റിൻ സഭാപിതാക്കന്മാരെ പ്പോലെ അദ്ദേഹം അടിസ്ഥാന വിശ്വാസപ്രമാണങ്ങളെ ആത്മീയ ജീവിതത്തിന് ഉതകത്തക്ക രീതിയിൽ വിവരിക്കാൻ ശ്രമിച്ചിട്ടുണ്ട്.

വി. ത്രിത്വം

മാർ അപ്രേം വിശുദ്ധ ത്രിത്വത്തെ വിശദീകരിക്കുവാൻ ശ്രമിക്കുന്നില്ല. കാരണം അദ്ദേഹത്തിന്റെ ഭാഷയിൽ അത് മനുഷ്യചേതനയ്ക്ക് അതീതമായ മഹാ രഹസ്യമാണ്. എന്നാൽ ത്രിത്വത്തിന്റെ പ്രതീകങ്ങൾ (Symbols) പ്രകൃതിയിലുണ്ട്. ദൈവം അപരിമേയനും അദൃശ്യനും അനിർവചനീയനും വ്യാഖ്യാനാതീതനുമാകുന്നു. ആ ദൈവം പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ വി. ത്രിത്വമാണ്. ദൈവം സൃഷ്ടിച്ചു നൽകിയിരിക്കുന്ന പ്രകൃതിയിലെ വിഭവങ്ങളിലൂടെ മാത്രം വിശ്വസിച്ചുകൊണ്ട് വി. ത്രിത്വത്തെ മനസ്സിലാക്കുക.

സൂര്യൻ ത്രിത്വത്തിന്റെ പ്രതീകമാണ്. സൂര്യഗോളം പിതാവും പ്രകാശം പുത്രനും ഊഷ്മാവ് പരിശുദ്ധാത്മാവുമാണ്. ഒന്നായിരിക്കെ അതിൽ ത്രിത്വം കാണപ്പെടുന്നു. അതിനെ വ്യാഖ്യാനിക്കുവാൻ കഴിയുകയില്ല - ശ്രമിക്കുന്നത് അപകടകരവുമാണ്.

സൂര്യൻ നമ്മുടെ ദീപമാകുന്നു. അതിനോടു കിടപിടിക്കാൻ പോരുന്നതായി മറ്റൊന്നില്ല. സൂര്യന്റെ ഉദയപ്രഭ (പ്രകാശം) സൂര്യനേക്കാൾ ഇളപ്പമല്ല. സൂര്യന് പ്രഭയില്ലാത്ത സമയവുമില്ല. സൂര്യന്റെ ഊഷ്മാവ് (രശ്മി) സൂര്യനിൽ നിന്ന് വേർപിരിയുന്നില്ല. സൂര്യനേക്കാൾ മുന്നമേയോ പിന്നെയോ അല്ലാ താനും. “ഒന്നു മറ്റൊന്നിൽ ഐക്യപ്പെട്ടു വസിക്കുന്നു, മാത്സര്യം കൂടാതെ; കൂടിക്കലർത്തപ്പെട്ടു. എന്നാൽ മിശ്രിതമാകാതെ ചേർക്കപ്പെട്ടു, എന്നാൽ ബന്ധിതമാകാതെ; സമ്മിളിതമായി, എന്നാൽ പീഡിതമാകാതെ സ്വതന്ത്രമായി, എന്നാൽ വ്യതിചലിക്കാതെ.”

“ഒന്നു മൂന്നാകുന്നു; മൂന്ന് ഒന്നാകുന്നു. അവ യോജിക്കപ്പെട്ടിരിക്കുന്നു. എന്നാൽ അവിച്ഛിന്നമായിരിക്കുന്നു; വേർതിരിഞ്ഞിരിക്കുന്നു, എന്നാൽ ശകലിതമല്ല. ഇതു അത്ഭുതം തന്നെ. ഇവയിലെല്ലാം നമുക്ക് നിശബ്ദത പാലിക്കാം.”

ദൈവം ഏകനാകുന്നു. ഏകനായ ദൈവം ത്രിത്വമാകുന്നു എന്ന വിശ്വാസ സംഹിതയെ വിശദമാക്കുവാൻ സൂര്യനും അതിന്റെ ചൂടും രശ്മിയും തമ്മിലുള്ള പാരസ്പര്യം വിവരിച്ചതിനുശേഷം വി. ത്രിത്വത്തിനു മഹത്വം പാടുകയല്ലാതെ ബൗദ്ധികമായി വിവരിക്കുവാൻ മാർ അപ്രേം തുനിയുന്നില്ല. അപ്രേമിന്റെ മഹത്വഗീതം അരംഭിക്കുന്നതിപ്രകാരമാണ്:

“നിഗൂഢനും അപരിമേയനുമായ പിതാവേ, നിനക്കു സ്തുതി! ഏക ജാതനും ബുദ്ധിശക്തിക്കു അപരിമേയനുമായ പുത്രാ നിനക്കു സ്തുതി! പരിശുദ്ധാത്മാവേ നിനക്കു സ്തുതി! അവിഭക്തവും അന്വേഷണാതീതവുമായ ത്രിത്വമേ നിനക്കു സ്തുതി! പിതാവു ജനയിതാവും പുത്രൻ അവന്റെ മടിയിൽ നിന്നു ജനിക്കപ്പെട്ടവനും പരിശുദ്ധ റൂഹാ അവനിൽ നിന്നു പുറപ്പെടുന്നവനുമാകുന്നു. പിതാവ് പ്രപഞ്ചത്തെ ഇല്ലായ്മയിൽ നിന്ന് ഉണ്ടാക്കിയവനും പുത്രൻ പിതാവിനോടൊന്നിച്ച് പ്രപഞ്ചത്തിന് രൂപംകൊടുത്തവനും പരിശുദ്ധറൂഹാ ഉണ്ടായിട്ടുള്ളതും ഉണ്ടാകുവാനുള്ളതുമായ സകലത്തെയും പൂർത്തീകരിക്കുന്നവനുമാകുന്നു. മൂന്നു നാമങ്ങളും ഒരു മനസ്സും ഒരു അധികാരവും ഒരു ഉണ്മയുമേ ഉള്ളൂ. പിതാവ്, പുത്രൻ, പരിശുദ്ധ റൂഹാ എന്ന നാമങ്ങൾ കൊണ്ടു മാത്രമേ നമുക്ക് അവനെ (സങ്കല്പിക്കുവാൻ) സമീപിക്കുവാൻ സാധിക്കുകയുള്ളു.



പുത്രനാം ദൈവത്തെക്കുറിച്ചും തന്റെ മനുഷ്യാവതാരത്തെക്കുറിച്ചും

മാർ അപ്രേമിന്റെ ഭാഷയിൽ യേശുക്രിസ്തു അഗ്രാഹ്യനാണ്. അഗ്രാഹ്യനായ ക്രിസ്തു ഒരേ സമയം ദൈവവും മനുഷ്യനുമാണ്. ജ്ഞാനവാദക്കാരുടെ മായാ സിദ്ധാന്തം, മാണി, മാർക്കിയോൺ എന്നിവരുടെ പഠിപ്പിക്കലുകൾ, ദത്തെടുക്കൽ വാദം എന്നീ പാഷാണ്ഡതകളെ മാർ അപ്രേം ശരിയായി വിമർശിക്കുകയും തള്ളിക്കളയുകയും ചെയ്യുന്നു. യേശു ക്രിസ്തു സ്വഭാവത്താലെ ദൈവപുത്രനാകുന്നുവെന്നും അവൻ പിതാവിൽ നിന്ന് ജനിച്ചവനാണെന്നും മാർ അപ്രേം വിശ്വസിക്കുന്നു. പുത്രൻ പിതാവിൽ നിന്ന് ജനിച്ചത് സമയത്തിലല്ല നിത്യതയിലാണ്. അതിന് ആരംഭമോ അവസാനമോ ഇല്ല. ഒരു മനുഷ്യൻ മറ്റൊരു മനുഷ്യനിൽ നിന്ന് ജനിക്കുന്നു എന്ന അർത്ഥത്തിൽ മനസ്സിലാക്കാതെ ഈ നിത്യ ജനനത്തെ (eternal birth) ഒരു വലിയ രഹസ്യമായി മനസ്സിലാക്കുകയും ഉൾക്കൊള്ളുകയും ചെയ്യണം.

പുത്രനാം ദൈവത്തിന്റെ മനുഷ്യാവതാരത്തെക്കുറിച്ചും വിനയത്തോടെ വിശദീകരിക്കുവാൻ മാർ അപ്രേം ശ്രമിക്കുന്നുണ്ട്. പിതാവിൽ നിന്നു ജനിച്ചവനും നിത്യനുമായ പുത്രൻ കാലത്തികവിൽ കന്യകയിൽ നിന്ന് ജനനം എടുത്തു. മനുഷ്യാവതാരം ചെയ്തവൻ പരിപൂർണ ദൈവവും പരിപൂർണ മനുഷ്യനുമാണ്. ദൈവത്വവും മനുഷ്യത്വവും ക്രിസ്തുവിൽ അഭേദ്യമായി യോജിക്കപ്പെട്ടിരിക്കുന്നു. വചനമാം ദൈവത്തിന്റെ സ്വഭാവം (nature/kyono) അതിശയകരമായ വിധത്തിലും പരിപൂർണ്ണമായും ശരീരത്തോടും ആത്മാവോടും യോജിക്കപ്പെട്ടതാണ്. മനുഷ്യാവതാരം മനുഷ്യത്വത്തിന്റെ ബലഹീനതകളിലേക്കുള്ള (പരിമിതികളിലേക്കുള്ള) പ്രവേശനമാണെങ്കിലും തന്റെ ദൈവത്വ

ത്തിന് യാതൊരു വ്യത്യാസമോ ഭംഗമോ സംഭവിക്കുന്നില്ല. യേശുക്രിസ്തുവിൽ ദൈവത്വവും മനുഷ്യത്വവുമാകുന്ന രണ്ട് സ്വഭാവങ്ങളുടെയും സവിശേഷതകൾ അവയുടെ തനിമ നഷ്ടപ്പെടുത്താതെ തുടരുന്നുണ്ടെങ്കിലും രണ്ടു സ്വഭാവങ്ങളും ഐക്യപ്പെട്ട ഏക സ്വഭാവമാണ് ക്രിസ്തുവിലുള്ളതു എന്ന് മാർ അപ്രേം തറപ്പിച്ചുപറയുന്നു. Kyono/nature (സ്വഭാവം) എന്ന വാക്ക് ത്രിത്വത്തെക്കുറിച്ചും മനുഷ്യാവതാരത്തെക്കുറിച്ചും ഉപയോഗിക്കുമ്പോൾ ഏക വചനത്തിൽ ഉപയോഗിക്കുന്നത് തന്നെ ഇതിനു തെളിവായി സ്വീകരിക്കാവുന്നതാണ്.

മാർ അപ്രേമിന്റെ ക്രിസ്തുശാസ്ത്രം യേശുക്രിസ്തുവിലുള്ള മനുഷ്യത്വത്തിന്റെയും ദൈവത്വത്തിന്റെയും ഐക്യത്തിന്റെ സിദ്ധാന്തമാണ്. യേശുക്രിസ്തു പരിപൂർണ ദൈവമാണ്. അവൻ പാപമൊഴികെ സർവ്വത്തിലും മനുഷ്യരോട് തുല്യനാണ്. ദൈവത്വവും മനുഷ്യത്വവും സംയോജിച്ച *ഏക ദൈവ - മനുഷ്യനായി* അവൻ നമ്മുടെ മുമ്പാകെ നിൽക്കുന്നു. ഇതു മാർ അപ്രേമിന്റെ രക്ഷാസിദ്ധാന്തത്തിന്റെ ആഴവും വ്യാപ്തിയും എടുത്തുകാട്ടുന്നു. ഈ സിദ്ധാന്തം അനുസരിച്ച് ദൈവം തന്റെ ജഡത്തിൽ കഷ്ടത അനുഭവിച്ചു എന്ന സത്യം ഉറപ്പിക്കപ്പെടുന്നു. ദൈവം മനുഷ്യനിൽ നിന്ന് ജഡമെടുത്തതിനാൽ മനുഷ്യത്വത്തിന് ദൈവത്വത്തിലേക്കു ചേരുവാനുള്ള അവകാശം ലഭിച്ചിരിക്കുന്നു. മനുഷ്യനായ ദൈവത്തിന്റെ കഷ്ടതയാലും മരണത്താലും മനുഷ്യവർഗ്ഗത്തിന്റെ രക്ഷ പൂർണ്ണമായിരിക്കുന്നു.

പരിശുദ്ധ കന്യകമറിയാം

പരിശുദ്ധ കന്യകമറിയാമിനെക്കുറിച്ചു ധാരാളം പ്രസ്താവങ്ങൾ മാർ അപ്രേമിന്റെ കൃതികളിലുണ്ട്. പ്രതിപാദനം ഏതു വിഷയത്തെക്കുറിച്ചായാലും അതിൽ മറിയാമിന് സ്ഥാനം നൽകുവാൻ കാരണം വൈദഗ്ധ്യപൂർവ്വം അദ്ദേഹം കണ്ടെത്തിയിട്ടുണ്ട്. കന്യകമറിയാമിന്റെ വിശുദ്ധി, കന്യകാത്വം, ദൈവമാതൃത്വം തുടങ്ങിയ വിഷയങ്ങളിൽ വിരൽ ചൂണ്ടുന്ന അനേകം പ്രസ്താവങ്ങൾ അദ്ദേഹത്തിന്റെ ഗാനങ്ങളിലും പ്രഭാഷണങ്ങളിലും കാണാം. കന്യകമറിയാമിന്റെ വിശുദ്ധിയെക്കുറിച്ച് ഗാനങ്ങളിൽ വിശദീകരിക്കുന്നുണ്ട്:

"എന്റെ കർത്താവേ, നീയും നിന്റെ അമ്മയും മാത്രമാകുന്നു സകലരേയുംകാൾ അധികമായി സൗന്ദര്യമുള്ളവർ. എന്തെന്നാൽ നിന്നിൽ ഒരു കളങ്കവുമില്ല; നിന്റെ അമ്മയിൽ ഒരു മാലിന്യവുമില്ല. ഈ രണ്ട് സൗന്ദര്യധാമങ്ങളിൽ ആരോടാണ് എന്റെ മക്കൾ സദൃശ്യരാകുക?" (27:28). നിസിബിസ് നഗരത്തിന്റെ ആത്മഗതമായി മാർ അപ്രേം ഈ ഗാനം ആലപിച്ചിരിക്കുന്നത് കന്യകമറിയാമിന്റെ അമലോൽഭവത്തെ ഘോഷിക്കുവാനാണെന്നു ചില റോമൻ കത്തോലിക്കാ പണ്ഡിതന്മാർ വ്യാഖ്യാനിക്കാറുണ്ട്. ഇതു തെറ്റായ ഒരു വ്യാഖ്യാനമാണ്. കാരണം യേശുമശിഹായുടെ സാന്നിദ്ധ്യമാണ് കന്യകമറിയാമിനെ പൂർണമായി വിശുദ്ധീകരിക്കുന്നത് എന്ന് മാർ അപ്രേം തന്നെ പിന്നീട് പാടുന്നുണ്ട്. ഏക പരിശുദ്ധനായി ദൈവം മാത്രമേയുള്ളു. കന്യകമറിയാമുൾപ്പെടെ മറ്റേവരുടെയും വിശുദ്ധി ഏക ദൈവത്തിന്റെ വിശുദ്ധിയോടുള്ള പങ്കാളിത്തത്തിലാണ്. കന്യകമറിയാമിൽ വിശുദ്ധിയുടെ പൂർണത മാർ അപ്രേം ദർശിക്കുന്നത് യേശുക്രിസ്തുവുമായുള്ള ബന്ധത്തിലാണ്. അദ്ദേഹത്തിന്റെ വാക്കുകളിൽ "കണ്ണിലെന്നതുപോലെ പ്രകാശം (മശിഹാ) അവളിൽ വസിച്ചു. അവൻ അവളുടെ മനസ്സിനെ ശുചീകരിച്ചു. ചിന്തയെ വിശുദ്ധമാക്കി. ചിത്തത്തെ പവിത്രീകരിച്ചു. കന്യകാത്വത്തെ മഹത്വമണിയിച്ചു" (നിസിബിയൻ ഗാനങ്ങൾ 32:2).

പരിശുദ്ധ കന്യകമറിയാം നിത്യകന്യകയും ദൈവമാതാവുമാണെന്ന അടിസ്ഥാന തത്വങ്ങളും മാർ അപ്രേം സാക്ഷിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ വാക്കുകളിൽ:

"നീ വരുന്നതിനു മുമ്പു പ്രകൃതിക്കനുസൃതമായി അവൾ പ്രതിശ്രുതയായിരുന്നു. എങ്കിലും അല്ലയോ പരിശുദ്ധനായവനെ, നീ വന്നതിനുശേഷം അവൾ പ്രകൃത്യാതീതമാംവിധം ഗർഭവതിയായി. അവൾ പരിശുദ്ധിയോടെ പ്രസവിച്ചു. എങ്കിലും അവൾ കന്യകയായിരുന്നു" (നിസിബിയൻ ഗാനങ്ങൾ 11:3).

"ഏകജാതൻ മാതാവിന്റെ ഗർഭപാത്രത്തിൽ പ്രവേശിച്ചു. അവൻ അവളുടെ കന്യാത്വത്തിനു ഭംഗം വരുത്തിയില്ല" (on faith 4:2). "അവന്റെ പ്രവേശനം സ്തുത്യർഹവും നിഗൂഢവുമായിരുന്നു. എന്തെന്നാൽ, അവന്റെ പ്രവേശനത്തിൽ അവൻ ദൈവമാകുന്നു. അവന്റെ ബഹിർഗമനത്തിൽ അവൻ മനുഷ്യനുമായി. ഇതു അത്ഭുതം!"

മറിയാമിന്റെ പാട്ട്

"അത്യുന്നതന്റെ പുത്രൻ വന്നു എന്നിൽ വസിച്ചു. അവനു ജന്മം നൽകിയതിനാൽ ഞാൻ അവന്റെ അമ്മയായി - അവന്റെ ദ്വിതീയ ജനനം" (On Nativity 16:11).

"അല്ലയോ, ജീവിക്കുന്നവന്റെ പുത്രാ, നിന്നെ എങ്ങനെ വിളിക്കണമെന്ന് എന്റെ അധരങ്ങൾക്ക് അറിഞ്ഞുകൂടാ. യൗസേഫിന്റെ പുത്രൻ എന്നുവിളിക്കാൻ തുനിയുമ്പോൾ, ഞാൻ വിറകൊള്ളുന്നു. എന്തെന്നാൽ നീ അദ്ദേഹത്തിന്റെ സന്താനമല്ല. എന്നാൽ, അദ്ദേഹത്തിന്റെ പേർ വിട്ടുകളയുവാൻ ഞാൻ മടിക്കുന്നു. കാരണം ഞാൻ അദ്ദേഹത്തിന്റെ പ്രതിശ്രുതവധുവായിരുന്നുവല്ലോ. നമ്മുടെ ശരീരമെടുത്തവനും അത്യുന്നതന്റെ പുത്രനുമായവനു സ്തുതി" (മറിയാമിന്റെ ആത്മഗതം / Hymn on Nativity 6:1).

മാർ അപ്രേം പരിശുദ്ധ കന്യകയെ വ്യത്യസ്ത സ്ഥാനങ്ങളിൽ കണ്ടുകൊണ്ട്, അവൾ മശിഹായുടെ മാതാവും മണവാട്ടിയും സഹോദരിയും പുത്രിയും ദാസിയുമായി വിളിയ്ക്കപ്പെടുന്നു.

"രാജസുതാ, നീ മൂലം ദാസി രാജാവിന്റെ പുത്രിയായി ഭവിച്ചിരിക്കുന്നു. കണ്ടാലും! വിനീതയായവൾ നീ നിമിത്തം ദാവീദിന്റെ ഭവനത്തിൽ; ദാവീദിന്റെ പുത്രാ, മണ്ണിന്റെ മകൾ ഇതാ സ്വർഗ്ഗം വരെ എത്തിയിരിക്കുന്നു! അവൾ നിന്റെ അമ്മയാകുന്നു. അവൾ മാത്രം - എല്ലാവരോടുംകൂടി അവൾ നിന്റെ സഹോദരിയും. അവൾ നിനക്ക് അമ്മയാകുന്നു, അവൾ നിനക്ക് സഹോദരിയാകുന്നു. കൂടാതെ ചാരിത്ര്യവതികളായ സ്ത്രീകളോടൊന്നിച്ച് അവൾ നിന്റെ പ്രതിശ്രുതവധുവാകുന്നു. കണ്ടാലും നിന്റെ അമ്മയുടെ അലങ്കാരമായവനെ, സകലത്തിലും നീ അവളെ അലങ്കരിച്ചു" (On Nativity 15:21; 11:2).

മാർ അപ്രേം വിശുദ്ധ കന്യകമറിയാമിനെ തന്റെ പുത്രനായ യേശുക്രിസ്തുവിൽ നിന്നു അടർത്തിമാറ്റി വർണ്ണിക്കുന്നില്ല എന്നത് ശ്രദ്ധേയവും പരിശുദ്ധ മറിയാമിന് സഭ നൽകേണ്ട സ്ഥാനം എന്തെന്നതിന് തെളിവുമാകുന്നു.

വി. സഭയെക്കുറിച്ച്

സഭയെക്കുറിച്ച് ധാരാളം വിശദീകരണങ്ങൾ മാർ അപ്രേമിന്റെ കൃതികളിലുണ്ട്. സഭ മശിഹായുടെ പിളർക്കപ്പെട്ട പാർശ്വത്തിൽ നിന്നു ജന്മമെടുത്തതാണെന്ന് അദ്ദേഹം പ്രധാനമായും വിശദമാക്കുന്നു. "മശിഹായുടെ പാർശ്വത്തിൽ നിന്ന് രക്തവും വെള്ളവും പുറപ്പെട്ടു. അത് അവന്റെ സഭയാകുന്നു. അത് അവനിൽ സ്ഥാപിതമായിരിക്കുന്നു. ആദത്തിന് ഭാര്യയെ അവന്റെ പാർശ്വത്തിൽ നിന്ന് എടുത്തതുപോലെ സഭയാകുന്ന ഭാര്യയെ ക്രിസ്തുവിന്റെ പാർശ്വത്തിൽ നിന്ന് എടുത്തിരിക്കുന്നു. ആദത്തിന്റെ വാരിയെല്ല് അവന്റെ ഭാര്യയായതുപോലെ നമ്മുടെ കർത്താവിന്റെ രക്തം അവിടുത്തെ സഭയായി. ആദത്തിന്റെ വാരിയെല്ലിൽ നിന്ന് മരണം വന്നുചേർന്നു. നമ്മുടെ കർത്താവിന്റെ വാരിയെല്ലിൽ നിന്ന് ജീവനും" (ഡിയാറ്റസറോൺ 31:11). വിജാതീയരുടെ സഭാപ്രവർത്തനത്തെക്കുറിച്ചും മാർ അപ്രേമിന് വർണിക്കാനുണ്ട്. "മശിഹായുടെ പാർശ്വത്തിൽ നിന്ന് ജീവദായകമായ ഉറവ പുറപ്പെട്ടു. പരിക്ഷീണരായ വിജാതീയർ അതിൽ നിന്നു പാനം ചെയ്തു. അവർ തങ്ങളുടെ വേദനകൾ മറന്നു. മാമ്മോദീസാ ജീവന്റെ സ്രോതസ്സാകുന്നു. ദൈവപുത്രൻ തന്റെ ജീവിതം വഴി അതു തുറന്നു. അവർ തന്റെ പാർശ്വത്തിൽ നിന്ന് ഉറവകൾ പുറപ്പെടുവിച്ചു. ദാഹിക്കുന്ന എല്ലാവരും വരുവിൻ. എല്ലാവരും ആഹ്ലാദിക്കുവിൻ. സകലരിലും കരുണ ചെയ്യുന്നവൻ അനുഗൃഹീതനാകുന്നു" (ദനഹ 5:14, 12:5).

സഭ ക്രിസ്തുവിന്റെ മണവാട്ടിയാകുന്നുവെന്നും നോമ്പു കാലത്തിന്റെ ഉപവാസങ്ങൾ കഴിഞ്ഞു മാമോദീസായിലൂടെ വെള്ളവസ്ത്രങ്ങൾ ധരിച്ചു തിരികൾ പിടിച്ചുകൊണ്ട് വി. മദ്ബഹായെ സമീപിക്കുന്ന വിശ്വാസികളുടെ സമൂഹമാകുന്നുവെന്നും മാർ അപ്രേം പാടുന്നുണ്ട്.

"കഠിനമായ തപശ്ചര്യകൾ അനുഷ്ഠിച്ചവർ തങ്ങളെത്തന്നെ ഉദ്ബുദ്ധരാക്കി, വിവാഹ വിരുന്നിന്, ധവളവസ്ത്രവിഭൂഷിതരായി, മണവാട്ടിയെ രാജാവിന്റെ പക്കലേക്ക് എതിരേക്കുകയും നയിക്കുകയും ചെയ്യുന്ന അകമ്പടിക്കാരാകുവാൻ വേണ്ടി അവൾ മാമോദീസാ സ്വീകരിക്കുന്നു. അവളുടെ കിരീടങ്ങൾ അവളുടെ അകമ്പടിക്കാരിൽ നിന്നു വരും; ഭൂഷണങ്ങൾ അവളുടെ ഉപവാസങ്ങളിൽ നിന്നും; സ്തുതിഘോഷണങ്ങളുടെ മദ്ധ്യേ അവൾ മുന്നോട്ടു നീങ്ങും. എണ്ണ വറ്റാത്ത ദീപം അവളുടെ മുമ്പിൽ പ്രശോഭിക്കും. തന്റെ കടിഞ്ഞൂൽ പുത്രന്റെ മണവാട്ടിയെ തന്റെ പ്രകാശത്തിന്റെ മണവറയിലേക്ക് പ്രവേശിക്കാൻ അയയ്ക്കുകയും എതിരേൽക്കുകയും ചെയ്തവൻ വാഴ്ത്തപ്പെട്ടവനാകുന്നു" (ഉപവാസം 5:1).

മാർ അപ്രേമിന്റെ ഭാഷയിൽ സഭ ക്രിസ്തുവിന്റെ ശരീരവും മണവാട്ടിയും മന്ദിരവും ആകുന്നു. ക്രിസ്തുവിന്റെ മന്ദിരമായ സഭ അജയ്യ ആകുന്നു. നരക വാതിലുകൾക്ക് അവളെ കീഴ്പ്പെടുത്തുവാൻ സാദ്ധ്യമല്ല. കെട്ടുവാനും അഴിക്കുവാനുമുള്ള സർവ്വ അധികാരവും സഭ സ്വീകരിച്ചിരിക്കുന്നു. മണവാളനായ ക്രിസ്തു അവൾക്ക് സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും താക്കോലുകൾ നൽകി. അവളുടെ നാഥൻ തനിക്കുള്ളതെല്ലാം അവൾക്ക് ദാനം ചെയ്തു. തന്റെ നിക്ഷേപങ്ങൾക്കൊണ്ട് അവളെ പരിപൂർണയാക്കി (ഹാശാ ആഴ്ചയെക്കുറിച്ചുള്ള പ്രസംഗം Lamy I, p. 357).

വി. മാമോദീസായെക്കുറിച്ച്

മാർ അപ്രേമിന്റെ വി. മാമോദീസായെക്കുറിച്ചുള്ള പഠിപ്പിക്കൽ വി. പൗലൂസ് ശ്ലീഹായുടെയും വി. യോഹന്നാൻ ശ്ലീഹായുടെയും പഠിപ്പിക്കലുകളുമായി ബന്ധമുള്ളതാണ്. മാമോദീസാ യേശുക്രിസ്തുവിനോടു കൂടെയുള്ള മരണവും ഉയിർപ്പും ആണ് (cf. Rom. 6:3-6). അതുപോലെ വി. മാമോദീസായിലൂടെ വീണ്ടും ജനനവും സംഭവിക്കുന്നു. (cf. യോഹ. 3:3). വെള്ളത്തിലുള്ള മാമോദീസാ മുങ്ങലും തുടർന്നുള്ള മൂറോൻ അഭിഷേകവും യേശുക്രിസ്തുവിന്റെ മരണത്തോടും ഉയിർപ്പിനോടും താദാത്മ്യം പ്രാപിക്കലും തേജസ്കരിക്കപ്പെട്ട കർത്താവിനോടുകൂടെ പുതുജീവൻ പ്രാപിക്കുകയും ആകുന്നു. നശ്വരതയുടെ പഴയ വസ്ത്രം മാറ്റി അനശ്വരതയുടെ പുതിയ വസ്ത്രം ധരിക്കുന്ന പ്രക്രിയയാണ് വി. മാമോദീസാ (ദനഹായേക്കുറിച്ച് 4:19 – 20).

വി. മാമോദീസായിലൂടെ വിശ്വാസി അഗ്നിയേയും ആത്മാവിനെയും ധരിക്കുന്നു. "വെള്ളത്താലും ആത്മാവിനാലും മഹത്വത്തിന്റെ വസ്ത്രം ധരിക്കുന്നവർ അതിന്റെ ജ്വാലയാൽ തങ്ങളുടെ പാപങ്ങളാകുന്ന മുൾച്ചെടികളെ നശിപ്പിക്കുന്നു." ചുരുക്കത്തിൽ, മാമോദീസായിലൂടെ ശുദ്ധീകരണവും പാപമോചനവും നടക്കുന്നു. പരിശുദ്ധാത്മാവിന്റെ അഗ്നിജ്വാല വെള്ളത്തിൽ ആവഹിക്കപ്പെട്ട് സൃഷ്ടിയെ പുതുക്കുന്ന അനുഭവമാണ് വി. മാമോദീസായിലൂടെ സംഭവിക്കുന്നത് (ദനഹായേക്കുറിച്ച് 8:5 – 6).

മാർ അപ്രേം, വി. മാമോദീസാത്തൊട്ടിയെ സഭയുടെ ഗർഭപാത്രമായി വിശേഷിപ്പിക്കുന്നു (കന്യകാത്വത്തെക്കുറിച്ച് 7:7 ദനഹായേക്കുറിച്ച് 8:9). സഭാശരീരത്തിന്റെ ഗർഭപാത്രത്തിൽ നിന്നുള്ള ആത്മീയ ജനനമാണ് വി.മാമോദീസാ. യെരമ്യാ പ്രവാചകൻ തന്റെ മാതാവിന്റെ ഉദരത്തിൽ വച്ച് ശുദ്ധീകരിക്കപ്പെട്ടതുപോലെ (യെര. 1:5) വിശുദ്ധ മാമോദീസാ തൊട്ടിയെന്ന ഗർഭപാത്രത്തിൽവച്ച് ക്രിസ്ത്യാനി ശുദ്ധീകരിക്കപ്പെടുന്നു. മാമോദീസായിലൂടെ സ്വർഗ്ഗരാജ്യത്തിലേക്ക് പൈതങ്ങൾ ജനിക്കപ്പെടുന്നു. പുരോഹിതൻ വീണ്ടും ജനനത്തിന്റെയും വീണ്ടും ജനിക്കുന്നവരുടെയും ശുശ്രൂഷകനായി നിന്നുകൊണ്ട് മാമോദീസാ സ്വീകരിക്കുന്നവർക്ക് വി. കുർബ്ബാന നൽകണം (കന്യകാത്വം 7:8).

ക്രിസ്ത്യാനികൾ മാമോദീസായിലൂടെ ആദ്യജാതർ ആകുന്നു. ക്രിസ്ത്യാനിയുടെ മാമോദീസായിലൂടെയുള്ള വീണ്ടും ജനനം യേശുക്രിസ്തുവിന്റെ കന്യകാജനനം പോലെയാണ് (ഡിയറ്റസറോൺ 2:8, 70). മനുഷ്യാവതാരത്തിലൂടെ ദൈവത്തിന്റെ ഏകജാതൻ മനുഷ്യനായി. അവൻ തന്റെ മാമോദീസായിലൂടെ ക്രിസ്തീയ മാമോദീസാ സ്ഥാപിച്ചുകൊണ്ട് ക്രിസ്ത്യാനിയെ തന്റെ ഏകജാതത്വത്തിൽ പങ്കാളിയാക്കി.

വി. കുർബ്ബാനയെക്കുറിച്ച്

വി. കുർബ്ബാനയുടെ ആചരണത്തെക്കുറിച്ച് മാർ അപ്രേം അധികമൊന്നും പറയുന്നില്ലെങ്കിലും ആഴമേറിയ ഒരു വേദശാസ്ത്രം അദ്ദേഹം വി. കുർബ്ബാനയെക്കുറിച്ച് നൽകുന്നുണ്ട്. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം വി. കുർബ്ബാന യേശുക്രിസ്തുവിന്റെ രക്ഷാകരവും യുഗാന്ത്യപരവുമായ രഹസ്യത്തോട് ചരിത്രത്തിലുള്ള പങ്കാളിത്തമാണ്. പരിശുദ്ധാത്മാവ് വി. കുർബ്ബാന അർപ്പണത്തെ വിശുദ്ധീകരിച്ചു ജീവനുള്ളതും ജീവൻ നൽകുന്നതുമായ ക്രിസ്തുശരീരമായി മാറുന്ന പരമരഹസ്യമാണിവിടെ സംഭവിക്കുന്നത്. ഏദൻതോട്ടത്തിൽ ആദാമിന്റെ മരണത്തിനുകാരണമായ ഫലത്തിനു പകരമായി നിത്യജീവൻ നൽകുന്ന ഫലമായി വി. കുർബ്ബാനയെ മാർ അപ്രേം കാണുന്നു.

സഭയാകുന്ന പുതിയ പറുദീസായുടെ ജീവനുള്ള ഫലമാണ് വി. കുർബ്ബാന. ഇതിന് പഴയനിയമത്തിൽ ധാരാളം സൂചകങ്ങൾ ഉണ്ട്. ഹാബേലിന്റെ യാഗം (പറുദീസാ 6:8; സഭ 13:18), പെസഹാ കുഞ്ഞാടിന്റെ യാഗം (പുറ. 12 – സഭ 5:6 – 7, ക്രൂശീകരണം 3:11), പുളിപ്പില്ലാത്ത അപ്പം (ക്രൂശീകരണം 2:5) തുടങ്ങിയ പലതും ഇതിന് ഉദാഹരണങ്ങളാണ്. ഏലിയാ പ്രവാചകൻ ഭക്ഷിച്ച അപ്പം (1 രാജ. 19:7 – 8) വി. കുർബ്ബാനയുടെ പ്രതീകമാണ്. അപ്പം ഏലിയാ പ്രവാചകന് ശക്തി പകർന്നുകൊടുത്തതുപോലെ വി. കുർബ്ബാന അതനുഭവിക്കുന്നവർക്ക് ശക്തി പകർന്നു നൽകുന്നു. മരുഭൂമിയിലെ മന്നായും മോശ ഉയർത്തിയ താമ്രസർപ്പവുമൊക്കെ വി. കുർബ്ബാനയുടെ മുൻകുറികളായി കാണുന്നു. പുതിയനിയമത്തിൽ അഞ്ചപ്പംകൊണ്ട് അയ്യായിരത്തെ പോഷിപ്പിച്ച സംഭവം വി. കുർബ്ബാനയുടെ മുൻകുറിയാണ് (കന്യകാത്വത്തെക്കുറിച്ച് 3:6, സഭയെക്കുറിച്ച് 39:5, 41:4).

മാർ അപ്രേമിന്റെ ചിന്തയിൽ, ഉയിർത്തെഴുന്നേറ്റു പിതാവിന്റെ വലതുഭാഗത്തിരിക്കുന്ന കർത്താവ് വിശുദ്ധ കുർബ്ബാനയിലൂടെ നമ്മോടൊപ്പം ഭൂമിയിലായിരിക്കുന്നു.

"അത്യുന്നതായവന്റെ തിരുശരീരം ഭക്ഷിക്കുന്നവരായ നാം നമ്മെത്തന്നെ ശുദ്ധീകരിച്ചു അവനെ സ്വീകരിക്കുന്നു. അവൻ തന്റെ പിതാവിന്റെ വലതുഭാഗത്ത് ഇരിക്കുകയും ഈ കൂദാശ (വി. കുർബ്ബാന) യിലൂടെ നമ്മോടൊപ്പം സ്ഥിതിചെയ്യുകയും ചെയ്യുന്നു" (അർമേനിയൻ ഗാനങ്ങൾ 50:28 – PO 30).

ബലിപീഠത്തിൽ ക്രിസ്തു തന്റെ ശരീരം നൽകുകയും രക്തം ഒഴുക്കിത്തരുകയും ചെയ്യുന്നു. ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ ജീവിതത്തിൽ പങ്കാളികൾ ആകുവാൻ വേണ്ടി വരുന്ന വിശ്വാസികൾ പരിശുദ്ധ റൂഹായുടെ പ്രവർത്തനത്താൽ അത് സ്വീകരിക്കുന്നു. യേശുക്രിസ്തുവിന്റെയും പരിശുദ്ധ റൂഹായുടെയും സാന്നിദ്ധ്യം വി. കുർബ്ബാന അപ്പത്തിന്റെ രഹസ്യാത്മകമായ ശക്തിയാണ്. വി. കുർബ്ബാന സഭയിൽ യേശുക്രിസ്തുവിന്റെ ജീവൻ നൽകുന്ന വലിയ രഹസ്യമാണ് (സഭയേക്കുറിച്ച് 26:5). യേശുക്രിസ്തുവിൽ ജീവിക്കുന്നതിനു വേണ്ടി നാം തന്റെ ശരീരം ഭക്ഷിക്കുകയും ജീവനുള്ള കാസായാകുന്ന രക്തം പാനം ചെയ്യുകയും ചെയ്യുന്നു (വിശ്വാസത്തെക്കുറിച്ച് 10:15). യേശുക്രിസ്തുവിനെ സ്പർശിക്കാനും ആരോഗ്യപരമായ ക്രിസ്തീയ ജീവിതം നയിക്കാനും വി. കുർബ്ബാനയിലൂടെ വിശ്വാസികൾക്ക് സാദ്ധ്യമാകുന്നു (സഭയേക്കുറിച്ച് 13:19 – 20).

വി. കുർബ്ബാന ജീവന്റെ ഔഷധമാണ്. പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യത്താൽ വി. കുർബ്ബാന നിത്യജീവനുവേണ്ടിയുള്ള ഔഷധമായി മാറുന്നു. വി. മാമോദീസായിലൂടെ പാപമോചനവും വിശുദ്ധീകരണവും നൽകുന്ന ആത്മാവ് വി. കുർബ്ബാനയിലും വസിക്കുന്നു. അപ്പത്തിലും വീഞ്ഞിലുമുള്ള ഈ അദൃശ്യശക്തിയെ അഗ്നിയെന്നും ആത്മാവെന്നുമാണ് മാർ അപ്രേം വിശേഷിപ്പിക്കുന്നത് (വിശ്വാസത്തെക്കുറിച്ച് 10:10). യേശുക്രിസ്തുവിന്റെ തിരുശരീരം എന്ന നിലയിൽ വിശുദ്ധ കുർബ്ബാന "സൗഖ്യത്തിന്റെ ഭണ്ഡാരമായി" മാറുന്നു. സൗഖ്യത്തിന്റെ ഭണ്ഡാരവും ജീവന്റെ ഔഷധവും എന്ന നിലയിൽ വിശ്വാസിയുടെ തേജസ്കരിക്കപ്പെട്ട ജീവിതം വീണ്ടെടുക്കുവാൻ വി. കുർബ്ബാന സാദ്ധ്യമാകുന്നു. ആദാമിനു നഷ്ടപ്പെട്ട ജീവിതം വീണ്ടെടുക്കുവാൻ വി. കുർബ്ബാന എന്ന ഫലം സഹായിക്കുന്നു എന്നാണ് മാർ അപ്രേം ഇവിടെ അർത്ഥമാക്കുന്നത്.

മാർ അപ്രേമിന്റെ ചിന്തയിൽ സഭയുടെ ആരംഭം യേശുക്രിസ്തുവിന്റെ വിലാപ്പുറത്തുനിന്നാണ്. ഹൗവ്വാ ആദാമിന്റെ വിലാപ്പുറത്തുനിന്നും തന്റെ ആരംഭം എടുത്തതുപോലെ രണ്ടാം ഹൗവ്വായായ സഭ തന്റെ മണവാളനായ ക്രിസ്തുവിൽ നിന്നു ആരംഭിച്ചു എന്നാണ് മാർ അപ്രേം വിശദീകരിക്കുന്നത് (ഡയറ്റസറോൺ 21:11; പുനരുത്ഥാനത്തെക്കുറിച്ച് 3:1 – 7). യോഹന്നാൻ 19:34 –ൽ കുന്തത്താൽ കുത്തേറ്റ തന്റെ വിലാപ്പുറത്തുനിന്ന് രക്തവും വെള്ളവും ഒഴുകി എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. മാർ അപ്രേമിന്റെ ഭാഷ്യത്തിൽ ഇവിടെ വി. മാമോദീസായും വി. കുർബ്ബാനയും ഉണ്ടാകുന്നു. യേശുക്രിസ്തുവിന്റെ വിലാപ്പുറം വി. മാമോദീസായുടെ അടയാളമായ ശുദ്ധീകരിക്കുന്ന ജലത്തിന്റെയും വി. കുർബ്ബാനയുടെ അടയാളമായ ജീവനുള്ളതും ജീവൻ നൽകുന്നതുമായ രക്തത്തിന്റെയും ഉറവിടമാണ്. ഇവിടെ പറുദീസാ വീണ്ടും തുറക്കപ്പെടുന്നു.

മാമോദീസായിലൂടെയും വി. കുർബ്ബാനയിലൂടെയും മനുഷ്യൻ വീണ്ടും ജനിച്ച് പുതിയ സൃഷ്ടിയായിത്തീരുന്നു. മാമോദീസായേറ്റവർ പരിശുദ്ധാത്മാവ് വസിക്കുന്ന ദൈവമന്ദിരങ്ങളും വി. ത്രിത്വ നാമത്തിൽ മുദ്രയിടപ്പെട്ടവരുമാണ്. പരിശുദ്ധ റൂഹാ മനുഷ്യനെ വിശുദ്ധ ത്രിത്വവുമായി ബന്ധിപ്പിക്കുന്നു. വി. കുർബ്ബാനയിലും പരിശുദ്ധാത്മാവിന്റെ അദൃശ്യവും സജീവവുമായ സാന്നിദ്ധ്യം മനുഷ്യനെ നിത്യജീവനിലേക്ക് പ്രവേശിപ്പിക്കുന്നു.

❑

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

പുസ്തകം

വിശുദ്ധ രഹസ്യങ്ങൾ



മാർ ഗീവർഗീസ്, മൂശെ ബർകീഫാ, ദീവന്നാസ്യോസ് ബർസ്ലീബി, ദാരായിലെ മാർ യോഹന്നാൻ എന്നീ സുറിയാനി സഭാപിതാക്കന്മാരുടെ വി. കുർബാനയെക്കുറിച്ചുള്ള വ്യാഖ്യാനങ്ങൾ

ഡോ. ഗീവർഗീസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ

അദ്ധ്യായം പതിന്നാല്

വിശുദ്ധ രഹസ്യങ്ങളേക്കുറിച്ച്

ഈ കാര്യത്തേക്കുറിച്ച് അനുപേക്ഷണീയമായ കാര്യങ്ങൾ സംസാരിക്കാം. **പട്ടക്കാരൻ, കർത്താവേ നിന്റെ മരണത്തെ ഞങ്ങൾ ഓർക്കുന്നു ഇത്യാദി:** അതായത്, ഇവിടെ സ്തുതി അർപ്പിച്ചുകൊണ്ട് രക്ഷണ്യപ്രവർത്തനങ്ങളെ ഓർത്തുകൊണ്ട് ചൊല്ലുന്നു. പുത്രാ നിന്റെ രഹസ്യങ്ങൾക്കു വേണ്ടി നിന്നോടും നിന്റെ പിതാവിനോടും അപേക്ഷിക്കുന്നു. ഞങ്ങളുടെ പാപങ്ങൾക്ക് തക്കവണ്ണം ഞങ്ങളോട് നീ പ്രവർത്തിക്കരുതേ. എന്നാലോ നിന്റെ രണ്ടാമത്തെ വരവിന്റെ ഭയങ്കര ദിവസത്തിൽ ഞങ്ങളോട് ദയതോന്നി ഞങ്ങളോട് കരുണ ചെയ്യണമേ. നിന്റെ രക്ഷണ്യപ്രവർത്തനത്തേ ഓർത്ത് പ്രത്യേകിച്ച് ഇപ്പോൾ (ഞങ്ങൾ അണയ്ക്കുന്ന ദിവ്യ രഹസ്യങ്ങളെ) കൈക്കൊള്ളണമേ. **നിന്റെ ജനത്തിനും നിന്റെ അവകാശത്തിനും:** അതായത്, നിന്റെ ജനം, കാരണം നിന്റെ പേർ അവരുടെ മേൽ വിളിക്കപ്പെട്ടിരിക്കുന്നു. ക്രിസ്ത്യാനി ക്രിസ്തുവിൽ നിന്ന് വരുന്നു. അതുപോലെ മിശിഹായിൽ നിന്ന് മശിഹായർ വരുന്നു.


നിന്റെ അവകാശവും: അതായത് നിന്റെ അവകാശം നിന്റെ പിതാവിൽ നിന്ന് വരുന്നതുപോലെ. (എഴുതപ്പെട്ടിരിക്കുന്നതു) പോലെ എന്നോട് ചോദിപ്പിൻ ഞാൻ നിങ്ങൾക്ക് ജാതികളെ നിന്റെ അവകാശമായി തരും (സങ്കീ 2:8). സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സകല അധികാരങ്ങളും അവൻ എനിക്ക് നൽകിയതു പോലെ (മത്തായി 28:18).

വീണ്ടും, നിന്റെ അവകാശം, സ്വർഗ്ഗരാജ്യ അവകാശത്തെക്കുറിച്ച് അവളോടുള്ള (സഭയോട്) നിന്റെ വാഗ്ദാനത്തെക്കുറിച്ച്.

നിന്നോടും നീ മുഖാന്തിരവും അപേക്ഷിക്കുന്നു: അതായത്, ഇപ്പോൾ അവളുടെ പാപങ്ങൾ എണ്ണരുതേ (ഓർക്കരുതേ). എന്നാലോ നിന്റെ വരവിന്റെ നാളിൽ അവളുടെ പാപങ്ങൾ നീ മോചിക്കേണമേ. നീ മുഖാന്തിരം: കാരണത്തിന് കാരണമായവനെപ്പോലെ. അതായത് നമുക്കും പിതാവിനും ഇടയിലെ മധ്യവർത്തിയേപ്പോലെ. നിന്നോടും നിന്റെ പിതാവിനോടും: അതായത്, പിതാവിന്റെ സാരാംശത്തിനും സ്വഭാവത്തിനും (നീ) തുല്യനായതുകൊണ്ട്.

പിതാവാം ദൈവമേ ഞങ്ങളോട് കരുണ ചെയ്യണമേ എന്ന് ജനം മറുപടിയായി പറയുന്നു: അതായത് പിതാവാം ദൈവമേ അവന്റെ മദ്ധ്യസ്ഥതയാൽ ഞങ്ങളുടെ പാപങ്ങൾ മോചിച്ച നിന്റെ പുത്രൻ മുഖാന്തിരം നിന്നോട് ഞങ്ങൾ അപേക്ഷിക്കുന്നു. നിന്റെ ഏകജാതനായ പുത്രന്റെ രണ്ടാമത്തെ വരവിൽ നിന്റെ കരുണ ഞങ്ങളുടെ മേൽ വർഷിക്കണമേ.

പട്ടക്കാരൻ: എന്റെ കർത്താവേ ഞങ്ങളും നിന്റെ കൃപയെ സ്വീകരിക്കുന്നു: അതായത് ഇപ്പോൾ ആദിമുതൽ നിന്റെ ഏകജാതന്റെ മനുഷ്യാവതാരം വരെ നീ ഞങ്ങൾക്ക് ചെയ്തു തന്നിട്ടുള്ള എല്ലാറ്റിനും. നിന്റെ രൂപത്തിൽ എന്നെ നീ സൃഷ്ടിച്ചതിനാണെങ്കിലും നിന്റെ വിശേഷബുദ്ധിയാകുന്ന ദാനങ്ങൾ കൊണ്ട് എന്നെ നീ അലങ്കരിച്ചതിനാണെങ്കിലും എന്നെ നീ സംരക്ഷിക്കുന്നതിനാണെ



ങ്കിലും എല്ലാറ്റിനും എല്ലായിപ്പോഴും നിനക്ക് ഞങ്ങൾ സ്തോത്രം കരേറ്റുന്നു. **എല്ലാറ്റിനും:** അതായത്, നിന്റെ മനുഷ്യാവതാരത്തിൽ നീ ഞങ്ങൾക്ക് തന്നിട്ടുള്ള എല്ലാറ്റിനും, പാപങ്ങളുടെ മോചനത്തിനും, പുത്രത്വത്തിനും സ്വർഗ്ഗരാജ്യത്തിനും അതിലെ വിരുന്നിനും ഇത്യാദി എല്ലാറ്റിനും.

ജനം ഉത്തരമായി പറയുന്നു. **നിന്നെ ഞങ്ങൾ സ്തുതിക്കുന്നു:** അതായത്, പട്ടക്കാരൻ മുമ്പ് പറഞ്ഞിട്ടുള്ളവയ്ക്കും അല്ലാത്തവയ്ക്കും ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. **ഞങ്ങൾ നിന്നെ വാഴ്ത്തുന്നു:** അതായത്, ക്രൂബേന്മാരേപ്പോലെ (ഞങ്ങൾ നിന്നെ വാഴ്ത്തുന്നു), കാരണം കൽപ്പന ലംഘനം മൂലമുണ്ടായ ശാപത്തിൽ നിന്ന് ഞങ്ങളുടെ കുലത്തെ നീ വാഴ്ത്തി. **നിന്നെ ഞങ്ങൾ ഏറ്റുപറയുന്നു:** അതായത്, നീ ഞങ്ങളുടെ രക്ഷകനായ ദൈവമാകുന്നു ഞങ്ങൾക്ക് നന്മകൾ ചെയ്യുന്നവനാകുന്നു. ഞങ്ങളുടെ നല്ല യാചനകൾക്ക് മറുപടി നൽകുവാൻ നിന്നോട് ഞങ്ങൾ യാചിക്കുന്നു. **നിന്നെ ഞങ്ങൾ സ്തുതിക്കുന്നു:** അതായത്, ഞങ്ങളെ ബുദ്ധിശക്തിയുള്ളതാക്കിയതിനാൽ. നിന്നെ ഞങ്ങൾ വാഴ്ത്തുന്നു. അതായത്, വായ്കൊണ്ടും നാവുകൊണ്ടും നിന്നെ വാഴ്ത്തുന്നതിന് യോഗ്യതയുള്ളവരാക്കിയതിനായി. അതായത്, പാപത്തിന്റെ അലച്ചിലിൽനിന്ന് ഞങ്ങളെ കൂട്ടിച്ചേർത്തതിനാൽ നിനക്ക് ഞങ്ങൾ സ്തോത്രം പാടുന്നു.

മനുഷ്യാവതാര പ്രാർത്ഥന മുതൽ റൂഹാക്ഷണം വരെ പിതാക്കന്മാരുടെ സമയം (എന്ന് പറയപ്പെടുന്നു). പഴയനിയമ പൗരോഹിത്യത്തിലും പ്രവാചകന്മാരുടെ പ്രവചനങ്ങളിലും ജഡപ്രകാരമുള്ള മനുഷ്യാവതാരം ഉപമാനങ്ങളായി എഴുതപ്പെട്ടിരുന്നു. പഴയനിയമ ബലികളിലൂടെ പിതാക്കന്മാർ ഉപമാനമായി പൗരോഹിത്യത്തേയും നമ്മുടെ കർത്താവിന്റെ ജഡപ്രകാരമുള്ള വെളിപ്പാടിനേയും ജീവൻ നൽകുന്ന ഉയിർപ്പിനേയും പ്രവാചകന്മാർ പ്രതീകങ്ങളിലൂടെ

പ്രവചിക്കുകയും ചെയ്തു.

എത്രയും സംഭ്രമകരമായ നാഴികയും എത്രയോ ഭയങ്കരമായ സമയവും എന്ന് ശെമ്മാശ്ശൻ പറയുന്നു. പിന്നീട്, നിശ്ശബ്ദമായും ഭയത്തോടും നിങ്ങൾ നിൽക്കണം. അതായത്, പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ നൽകപ്പെട്ടത് നിശ്ശബ്ദതയിൽ ആകയാൽ ജനങ്ങളെ അവൻ പരിശുദ്ധാത്മ ആവാസത്തിലേക്ക് ക്ഷണിക്കുന്നു. ഭയത്തേക്കുറിച്ച് മറ്റൊരു (വിശദീകരണം). അവരുടെ ഇടയിൽ കോലാഹലം ഉണ്ടാകരുതെന്നും ഇസ്രായേൽക്കാർക്ക് സീനായ് മലയിൽ സംഭവിച്ചത് അവർക്ക് സംഭവിക്കരുത് എന്നും (ഓർപ്പിക്കുന്നു). അവർ (ഇസ്രായേല്യർ) മോശയോട് പറഞ്ഞു ഞങ്ങൾ മരിക്കാതിരിക്കേണ്ടതിന് നീ ഞങ്ങളോട് സംസാരിച്ചാലും, ദൈവം ഞങ്ങളോട് സംസാരിക്കരുതേ.

പട്ടക്കാരൻ അപ്പോൾ ശബ്ദം താഴ്ത്തി പരിശുദ്ധാത്മാഹ്വാനം ചെയ്യുന്നു.

പരിശുദ്ധാത്മ ആഹ്വാനം

പിതാവാം ദൈവമേ എന്റെ മേൽ കരുണചെയ്യണമേ ഇത്യാദി. അതായത്, ഈ സ്ഥലത്ത് പഠിപ്പിക്കുന്നത് പരിശുദ്ധാത്മ ആഹ്വാനത്തെക്കുറിച്ചാണ്. എന്തുകൊണ്ടാണ് പരിശുദ്ധാത്മാവ് ഇവിടെ അപ്പത്തിന്മേലും വീഞ്ഞിന്മേലും ഇറങ്ങുന്നത് എന്ന് അന്വേഷിക്കുന്നത് ഉചിതമായിരിക്കും. നോക്കൂ, പുത്രൻ ഇറങ്ങി ആളത്തപരമായി അവരോട് (മനുഷ്യരോട്) സംയോജിച്ചു. പിന്നെ പരിശുദ്ധാത്മാവ് എന്തുകൊണ്ടാണ് ഇറങ്ങിയത്? നാം പറയുന്നു, ഈ കാരണത്താലാണ്. പരിശുദ്ധാത്മാവ് വരും എന്നിപ്രകാരം മാലാഖ പറഞ്ഞതുപോലെ മറിയാമിന്റെ ഉദരത്തിലേക്ക് അവൻ ഇറങ്ങി. വചനമായ ദൈവത്തിന്റെ ശരീരം മറിയാമിൽ നിന്ന് മാംസമായിത്തീർന്നു. അതുപോലെ ബലിപീഠത്തിന്മേലുള്ള അപ്പത്തിന്മേലും വീഞ്ഞിന്മേലും ഇറങ്ങി വന്ന് അവയെ കന്യകയിൽ നിന്നുള്ള വചനമായ ദൈവത്തിന്റെ ശരീരവും രക്തവും ആക്കിത്തീർക്കുന്നു.

വീണ്ടും നാം പറയുന്നു, പുത്രൻ കന്യക മറിയാമിൽ നിന്ന് ജഡം എടുക്കുവാൻ പിതാവിന് എങ്ങനെ തിരുമനസ്സായോ അങ്ങനെ പുത്രൻ കന്യകയുടെ ഉദരത്തിലേക്ക് ഇറങ്ങി അവളിൽ നിന്ന് ശരീരം ധരിച്ചു. പരിശുദ്ധ റൂഹായും വിശുദ്ധ കന്യകയിലേക്ക് ഇറങ്ങി അങ്ങനെ പുത്രൻ അവളിൽ നിന്ന് ശരീരം ധരിക്കുവാൻ കാരണമായിത്തീർന്നു. അതുപോലെ ഇവിടെ ബലിപീഠത്തിലേക്ക് പുത്രൻ അപ്പവും വീഞ്ഞുമായി ആളത്തപരമായി യോജിക്കുവാൻ പിതാവിന് തിരുമനസ്സാകുന്നു. ഈ കാരണത്താൽ പട്ടക്കാരൻ ഭയത്തോടുകൂടെ അപേക്ഷിക്കുകയും സങ്കട ഹൃദയത്തോടുകൂടി രഹസ്യമായി പിതാവാം ദൈവത്തോട് യാചിക്കുകയും ചെയ്യുന്നു. അവൻ ആരംഭമില്ലാത്ത പുത്രന്റെയും റൂഹായുടേയും കാരണമായവനും എല്ലാ നല്ല ദാനങ്ങളും ഇറങ്ങി വരുന്നവനും ആയവനിൽ നിന്നും അവന്റെ മേലും അവന്റെ പിന്നിൽ നിൽക്കുന്ന വിശ്വാസികളായ ജനത്തിന്മേലും ബലിപീഠത്തിൽ വച്ചിരിക്കുന്ന വിശുദ്ധ രഹസ്യങ്ങളുടെ മേലും അവന്റെ പരിശുദ്ധാത്മാവിനെ അയയ്ക്കുവാൻ അപേക്ഷിക്കുന്നു. മറ്റു പല ആത്മാക്കളും ഉള്ളതിനാൽ റൂഹായുടെ പ്രത്യേകതകൾ നിന്റെ പരിശുദ്ധ റൂഹാ, കർത്താവും ജീവനുണ്ടാക്കുന്നവനും എന്നിപ്രകാരം വർണ്ണിക്കുന്നു. അതായത്, ഈ റൂഹാ കർത്താവാകുന്നു. അവൻ വിശേഷബുദ്ധിയുള്ള സകലത്തിനും, മാലാഖമാർക്കും, ജീവനുള്ള സകലത്തിനും ജീവൻ നൽകുന്നവനും ആകുന്നു. **അധികാരത്തിൽ സമൻ:** അതായത് അവൻ സാരാംശത്തിലും ദൈവത്വത്തിലും പിതാവിനോടും പുത്രനോടും സമമായിരിക്കുന്നവനാകുന്നു. അവൻ അനാദ്യന്തനും അവരേപ്പോലെ രാജാവും ആകുന്നു. അവയ്ക്ക് ശേഷം പ്രവാചകന്മാരിലും പഴയനിയമത്തിലും സംസാരിച്ചവൻ തുടങ്ങിയ മറ്റ് രൂപങ്ങളും രൂപകങ്ങളും അവൻ കൊണ്ടുവരുന്നു. വീണ്ടും, ജഡത്തിലുള്ള പുത്രൻ നമ്മിൽ ആദ്യഫലമായി യോർദ്ദാൻ നദിയിലെന്ന പോലെ പ്രിസ്താ പരിശുദ്ധറൂഹായുടെ ആവാസം സ്വീകരിക്കുന്നു. കന്യകയുടെ മേൽ ആവസിച്ചതുപോലെ ശരീരത്തിന്റെ മേലും രക്തത്തിന്റെ മേലും പരിശുദ്ധ റൂഹായെ അയക്കുവാൻ അവൻ അപേക്ഷിക്കുന്നു. വീണ്ടും, റൂഹാക്ഷണം മൂലം കന്യകയുടെ മുമ്പാകെ നിന്ന് അവളോട് വിശുദ്ധ ഗർഭത്തെപ്പറ്റി അറിയിച്ച ഗബ്രിയേലിനെ സൂചിപ്പിക്കുന്നു. വീണ്ടും, പരിശുദ്ധാത്മ ക്ഷണം മൂലം രഹസ്യാത്മകവും ബുദ്ധിയേക്കവിയുന്നതുമായ യോജിപ്പിനെ സൂചിപ്പിക്കുന്നു. നിർമ്മർമ്മമായതും അഭൗമികവുമായ മനസ്സോടുകൂടെ സകലത്തേയും താങ്ങി നിർത്തുന്നതും വിശുദ്ധീകരിക്കുന്നതുമായ ശക്തിയിൽ നാം ഭാഗഭാക്കുകളാകുന്നു.

കർത്താവേ എന്നോടുത്തരമരുളണമേ, എന്റെ മേൽ കരുണചെയ്യണമേ എന്ന്



അപ്പോൾ പട്ടക്കാരൻ പറയുന്നു. കുറിയേലായിസ്സോൻ അഥവാ കർത്താവേ കരുണ ചെയ്യണമേ എന്ന് പട്ടക്കാരൻ പറയുന്നു എന്ന് മൂശാ ബർകീഫാ പറഞ്ഞു. വിശ്വാസം മൂലം പരിശുദ്ധാത്മാവ് വന്ന് വിശുദ്ധ രഹസ്യങ്ങളെ പൂർത്തീകരിക്കുകയും പൂർണ്ണമാക്കുകയും ചെയ്യുന്നു എന്ന് അവൻ അറിയുന്നു. ശക്തമായ വിളിയിൽ അവൻ പിതാവിനെ വിളിച്ചുകൊണ്ട് കർത്താവേ എന്നോട് കരുണ ചെയ്യണമേ എന്ന് (പറയുന്നു). കാരണം കുറിയേലായിസ്സോൻ എന്നാൽ കർത്താവേ ഞങ്ങളോട് കരുണ ചെയ്യണമേ എന്നാണ് വിവക്ഷ.

പടിഞ്ഞാറ് പുതിയ പഠിപ്പിക്കലനുസരിച്ച് ഇന്നും ഈ രീതി നിലനിൽക്കുന്നു. മുമ്പ് നാം പറഞ്ഞതുപോലെ കർത്താവേ എന്നോടുത്തരമരുളണമേ എന്നും എന്നോട് കരുണ ചെയ്യണമേ എന്നും പട്ടക്കാരൻ സുറിയാനി ഭാഷയിൽ പറയുന്നു. ശെമ്മാശ്ശൻ അപ്രകാരം പറയുവാൻ ജനങ്ങളെ പ്രേരിപ്പിക്കുന്നു. അപ്പോൾ ജനങ്ങളും മൂന്ന് പ്രാവശ്യം കുറിയേലായിസ്സോൻ അതായത് കർത്താവേ ഞങ്ങളോട് കരുണചെയ്യണമേ എന്ന് പറയുന്നു. അങ്ങനെ നാം മൂന്ന് പ്രാവശ്യം കുറിയേലായിസ്സോൻ എന്ന് പറയുന്നത് നമ്മുടെ അപേക്ഷയുടെ കാഠിന്യത്തെ സൂചിപ്പിക്കുന്നു. ചിലപ്പോൾ അറിവില്ലാത്ത ചില പട്ടക്കാർ ഈ സ്ഥലത്ത് അവർ ചെയ്തതിനെ (ഓർത്ത്) പശ്ചാത്തപിക്കുന്നതുപോലെ തങ്ങളുടെ നെറ്റിക്ക് കൈകൊണ്ട് ഇടിക്കുന്നു. ഇത് ഇവിടെ യോജിച്ചതല്ല എന്ന് മൂശെ ബർകീഫാ പറയുന്നു. കാരണം പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ നൽകപ്പെടുന്നത് നിശ്ശബ്ദതയിലാണ് അല്ലാതെ കോലാഹലത്തിലല്ല. വീണ്ടും നിശ്ശബ്ദതയിലും അടക്കത്തിലുമാണ് ദൈവവചനം മറിയാമ്മിൽ ഇറങ്ങി അവളിൽ നിന്ന് ജഡം ധരിച്ചത് അല്ലാതെ ബഹളത്തിലോ കോലാഹലത്തിലോ അല്ല. അതുപോലെ ഇവിടെയും ശാന്തമായി ഇറങ്ങുകയും ആളത്തപരമായി അപ്പവും വീഞ്ഞുമായി ബലിപീഠത്തിന്മേൽ വച്ച് സംയോജിക്കുകയും ചെയ്യുന്നു. വീണ്ടും, ദാസ്യത്തിന്റെ പ്രതീകമായിരുന്ന ഇസ്രായേൽക്കാരിലേക്ക് ദാനങ്ങൾ വന്നപ്പോഴത്തേപ്പോലെ ബഹളം ഉണ്ടാക്കുവാൻ ദാസ്യത്വത്തിന്റെ ആത്മാവിനെ അല്ല നാം സ്വീകരിച്ചത് (റോമ. 8:15). എന്നാലോ നാം സ്വീകരിച്ച ആത്മാവ് മക്കളുടേതാണ്. അതുകൊണ്ടാണ് ശ്ലീഹന്മാർ വിളിച്ചതുപോലെ പിതാവിനെ പിതാവേ എന്ന് നാം വിളിക്കുന്നത് (ഗലാ. 4:6, റോമ. 8:15). അതുകൊണ്ട് മക്കളായ നാം ബഹളം ഉണ്ടാക്കുന്നത് ശരിയല്ല.

അപ്രകാരം ആവസിച്ച് ഈ അപ്പത്തെ — ആക്കിത്തീർക്കട്ടെ: അതായത്, പരിശുദ്ധാത്മാവിന്റെ ആവാസം ഉണ്ടാകുവാൻ അവൻ (പട്ടക്കാരൻ) പിതാവിനോട് അവനെ അയക്കുവാൻ അപേക്ഷിക്കുകയാണ്. ജനം മറുപടിയായി ആമ്മേൻ എന്ന് പറയുന്നു. അതായത് നീ പറഞ്ഞതുപോലെ ആകട്ടെ.

പിന്നീട് പട്ടക്കാരൻ പരിശുദ്ധാത്മാവിനെ വിളിക്കുന്നു: കുനിഞ്ഞ് നിന്ന പട്ടക്കാരൻ നേരേ നിന്ന് (പരിശുദ്ധാത്മാവ്) ആവസിച്ച് എന്ന് പറഞ്ഞുകൊണ്ട് മൂന്ന് സ്ലീബാകൾ പ്രിസ്താമേലും മൂന്നെണ്ണം കാസാമേലും വരയ്ക്കുന്നു. ഇതുകൊണ്ട് അർത്ഥമാക്കുന്നത് അവൻ വചനമായ ദൈവമാണെന്നും പിതാവിന്റെ ഇഷ്ടത്താൽ വിശുദ്ധ രഹസ്യങ്ങളുടെ മേൽ ഇറങ്ങി അതിനെ പരിശുദ്ധ റൂഹായാൽ പൂർത്തീകരിക്കുകയും ചെയ്യുന്നു എന്നുമാണ്. അതുകൊണ്ട് അവൻ അപ്പം ശരീരമാക്കിത്തീർക്കുകയും കാസായിലെ കലർപ്പിനെ രക്തം ആക്കിത്തീർക്കുകയും ചെയ്യുന്നു. വീണ്ടും, മൂന്ന് സ്ലീബാകൾ ശരീരത്തിന്മേലും രക്തത്തിന്മേലും വരയ്ക്കുന്നതു മൂലം പരിശുദ്ധാത്മാവ് (നിന്റെ മേൽ) ഇറങ്ങും അത്യുന്നതന്റെ ശക്തി നിന്റെ മേൽ ആവസിക്കും (ലൂക്കോസ് 1:35) എന്നതിനെ സൂചിപ്പിക്കുന്നു. പരിശുദ്ധാത്മാവ് കന്യകയെ വിശുദ്ധീകരിച്ചതിനുശേഷം വച

നമായ ദൈവം അവളിൽ ആവസിച്ചതുപോലെ അപ്പം വിശുദ്ധീകരിച്ചതിനു ശേഷം വചനം അതിന്മേൽ ആവസിക്കുന്നു. അവന്റെ പിതാവിന്റെ ഇഷ്ടത്തോടെ തന്റെ പരിശുദ്ധാത്മാവ് മൂലവും അവൻ കന്യകയിൽ നിന്ന് വ്യത്യാസം കൂടാതെ മനുഷ്യനായിത്തീർന്നതു പോലെ പിതാവിന്റെ ഇഷ്ടത്താലും പരിശുദ്ധാത്മാവിന്റെ ആവാസം മൂലവും അപ്പത്തെ ശരീരമായും വീഞ്ഞിനെ അവന്റെ രക്തവുമായും പൂർത്തീകരിക്കുന്നു. അപ്പം ഏകപിതാവിന്റെ ശക്തിയാൽ സ്വർഗ്ഗീയ ശരീരമാകുന്നു. ഇത് ദൈവത്വത്തിൽ നിന്നും മനുഷ്യത്വത്തിൽ നിന്നും ഉള്ള മനുഷ്യാവതാരം ചെയ്ത ഏക സ്വഭാവവും സംയുക്ത ആളത്വവുമാണെന്നാണ് ദൃഷ്ടാന്തീകരിക്കുന്നത്. ഈ രഹസ്യാത്മകമായ സംയോജിപ്പ് വചനം മാംസവുമായി സത്താപരമായും ആളത്തത്തിലും യോജിച്ചു എന്ന് മനസ്സിലാക്കുന്നു.

അതിനുശേഷം അതിൽ നിന്ന് വാങ്ങുന്ന എവനും എന്നിത്യാദി പട്ടക്കാരൻ ഉറക്കെപ്പറയുന്നു. മുൻകാലങ്ങളിൽ മേൽപ്പറഞ്ഞ പ്രാർത്ഥനയോട് “എല്ലാ വേദവിപരീതങ്ങളിൽ നിന്നും ഭിന്നതകളുടെ തടസങ്ങളിൽ നിന്നും നിയമരഹിതമായ പ്രവർത്തനങ്ങളിൽ നിന്നും അവളെ നീ രക്ഷിക്കണമേ” എന്ന് കൂട്ടിച്ചേർത്തിരുന്നു. എന്നാൽ നാം ഈ നാളുകളിൽ ചൊല്ലുന്നതുപോലെ “കൃപയാൽ ലോകാവസാനം വരെ” എന്നിത്യാദി അവർ ചൊല്ലുന്നില്ല. എന്നാൽ ഗുരുക്കന്മാർ അതിന്റെ ഇടയ്ക്കുനിന്ന് എന്നേയ്ക്കും എന്ന (പദം) മാറ്റി ഇന്ന് സഭയിൽ നിലനിൽക്കുന്ന പഠിപ്പിക്കൽപോലെ ശരിയാക്കി. ലോകാവസാനത്തിനു ശേഷം ദൈവനിഷേധമോ വേദവിപരീതമോ കാണകുയില്ല അതുകൊണ്ട് എന്നേക്കും എന്ന പദം കൂട്ടിച്ചേർക്കണ്ട ആവശ്യമില്ല എന്ന് അവർ പറയുന്നു.

അദ്ധ്യായം പതിനഞ്ച്

ദൈവികമായ ശക്തിയിൽ ആശ്രയിച്ചുകൊണ്ട് കുർബ്ബാനയുടെ മൂന്നാമത്തേ അദ്ധ്യായം നാം തുടങ്ങുന്നു. വണങ്ങിയും കൈ നീട്ടി നിന്നും (പ്രാർത്ഥിക്കുമ്പോൾ) പുരോഹിതന് ഒരു ലക്ഷ്യമേ ഉള്ളൂ. താൻ ആഗ്രഹിക്കുന്നത് രഹസ്യമായോ പരസ്യമായോ യാചിക്കുക. അവൻ രഹസ്യമായി ചൊല്ലുമ്പോൾ അവൻ എന്തിനുവേണ്ടി പ്രാർത്ഥിക്കുന്നു എന്ന് ജനത്തിന് മനസ്സിലാകുന്നു. അവൻ വാക്കുകൾ രഹസ്യമായി പറയുമ്പോൾ അവൻ അവർക്കുവേണ്ടി അപേക്ഷിക്കുന്ന കാര്യങ്ങൾ അവരും കൂടെ അപേക്ഷിക്കണമെന്ന് അവൻ അവരെ ആഹ്വാനം ചെയ്യുകയാണ്. പട്ടക്കാരൻ കൈ വിരിച്ച് പിടിച്ച് പ്രാർത്ഥിക്കുമ്പോൾ അവൻ ഇപ്രകാരം ദൈവത്തിൽ നിന്ന് പരസ്യമായി യാചിക്കുന്നു. വീണ്ടും, താൻ ഗഹന്തായിൽ അവർക്കുവേണ്ടി എന്താണ് പ്രാർത്ഥിച്ചതെന്ന് (ഇതിലൂടെ) ജനത്തെ മനസ്സിലാക്കുന്നു.

തുബ്ദേനുകൾ (ദീഫ്തിക്) ആറെണ്ണമാകുന്നു. സുറിയാനിക്കാർ അവയെ കാനോനാകൾ എന്ന് വിളിക്കുന്നു. ദിഫ്തീക് എന്നാൽ രണ്ട് എഴുത്തുകൾ അഥവാ രണ്ട് പലകകൾ എന്നാണ് അർത്ഥം. അത് ഗ്രീക്കിൽ നിന്ന് സുറിയാനിയിലേക്ക് (കടം എടുത്തിരിക്കുന്ന വാക്കാണ്). കാനോനാകളിൽ മൂന്നെണ്ണം ജീവിച്ചിരിക്കുന്നവർക്കും മറ്റ് മൂന്നെണ്ണം മരിച്ചവർക്കും ഉള്ളതാണ്. ജീവിച്ചിരിക്കുന്നവർക്കു വേണ്ടി കുർബ്ബാന അണയ്ക്കാത്ത അർമ്മേനിയക്കാർക്കെതിരെ ഒരു വാക്ക് പറയുന്നത് ഉചിതമായിരിക്കും. കുർബ്ബാനയിൽ ആദ്യത്തെ മൂന്ന് ഓർമ്മകൾ ജീവിച്ചിരിക്കുന്നവർക്ക് വേണ്ടിയാണ്. പട്ടക്കാർക്കു വേണ്ടി, ജനത്തിനു വേണ്ടി, രാജാക്കന്മാർക്കു വേണ്ടി. പിന്നെ എങ്ങനെ നിങ്ങൾ തെറ്റിദ്ധരിച്ച് ജീവിച്ചിരിക്കുന്നവരുടെ ഓർമ്മ ബലിപീഠത്തിന്മേൽ നിങ്ങൾ നടത്താതിരിക്കുന്നത്? **ജീവനോടിരിക്കുന്നവർ അവിശ്വാസികളോ പാപത്തിൽ വീണവരും തിരിച്ചു വരാത്തവരും പാപമരണത്തിൽ വീണവരും ആണെങ്കിൽ നമ്മൾ അവരെ ബലിപീഠത്തിന്മേൽ ഓർക്കുന്നത് ശരിയല്ല.** കാരണം ശ്ലൈഹിക വാക്യത്താൽ മുകളിൽ നാം പറഞ്ഞതുപോലെ അവൻ മരിച്ചവനും പാപരോഗത്തിൽ മരണപ്പെട്ടവനും ആണ്. അവൻ തന്റെ ഭോഷത്വത്തിൽ അനുതപിച്ച് ധൂർത്തപുത്രനേപ്പോലെ പശ്ചാത്തപത്തോടെ അടുത്തുവന്നാൽ അവനുവേണ്ടി ബലി അർപ്പിക്കുന്നത് ഉചിതമാണ്. അർമ്മേനിയക്കാർക്കെതിരായ അന്വേഷണത്തിൽ അപ്രകാരം കൂടുതലായി നാം എഴുതിയതിനാൽ ഇവിടെ ഈ വിവരണം അവസാനിപ്പിക്കുന്നത് ഉചിതമാണ്.നമ്മുടെ കെമപ്തൂസിലേക്ക് അഥവാ ലക്ഷ്യത്തിലേക്ക് തിരിയാം.

വീണ്ടും നാം പറയുന്നു **ജീവന്റെ പുസ്തകം വായിക്കാതിരിക്കുമ്പോൾ** ദീഫ്തിക്കിൽ നിന്ന് എന്തെങ്കിലും അതായത് കാനോനാകൾ ചുരുക്കുന്നത് ശരിയല്ല. ഒന്നാമത്, വിശുദ്ധ രഹസ്യങ്ങളിൽ അവ മൂന്നും മൂന്നും ആണുള്ളത്. രണ്ടാമത്, അത് ലോകത്തിന്റെ നാല് ഭാഗങ്ങളുടെ സമാധാനത്തിനു വേണ്ടി നാം അപേക്ഷിക്കുകയാണ്. എന്നാൽ ഗ്രീക്കു രാജാക്കന്മാരുടെ നമ്മുടെ ജനത്തോടുള്ള ക്രൂരതയും ദുഷ്ടതയും നിമിത്തം ചിലപ്പോൾ ചിലർ രാജാക്കന്മാരുടെ കാനോനാ ചുരുക്കാറുണ്ട്. അവരോട് നമുക്ക് പറയുവാനുള്ളത് വിജാതീയ രാജാക്കന്മാരും മറ്റുള്ളവരും കൽക്കദോന്യരേപ്പോലെ നമുക്കെതിരാണെങ്കിലും വിശ്വാസികളായ രാജാക്കന്മാർ സ്വഭാവമാണോ സ്വഭാവങ്ങളാണോ എന്ന് കണക്കാക്കിയിരുന്നില്ല. രാജ്യങ്ങളുടേയും ലോകത്തിന്റെ നാനാ ദിക്കുകളുടേയും സമാധാനത്തിനു വേണ്ടി രാജാക്കന്മാരുടെ കാനോനായുടെ അപേക്ഷ വായിക്കുന്നത് ഉചിതമായിരിക്കും. കൽക്കദോന്യർക്ക് അതായത് മൽക്കീത്തർക്ക് എതിരായ തർക്കത്തിൽ അവരുടെ ആചാരങ്ങളേയും തെറ്റുകളേയും കുറിച്ച് ആദ്യ പുസ്തകത്തിൽ നന്നായി പറയുന്നുണ്ട്.

വീണ്ടും, **ഗഹന്താകൾ ആറെണ്ണമാണ്. അതുപോലെ പ്ശീത്താകളും ആറെണ്ണം.** ഓരോ ഗഹന്തായിൽ നിന്നും പ്ശീത്തായിൽ നിന്നും എന്താണ് പട്ടക്കാരൻ അതിൽ അപേക്ഷിക്കുന്നതെന്ന് മനസ്സിലാകുകയും വെളിവാകുകയും ചെയ്യും. വീണ്ടും ശെമ്മാശ്ശന്റെ ഒരോ ദീഫ്തീക്കുകൾക്കും ശേഷം ജനങ്ങൾ ആമ്മീൻ എന്ന് മറുപടിയായി പറയുന്നത് ഉചിതമല്ല. കർത്താവേ ഞങ്ങളോട് കരുണചെയ്യണമേ എന്നോ അല്ലെങ്കിൽ എല്ലാവർക്കും പകരമെന്നോ എല്ലാവർക്കും വേണ്ടി എന്നോ ഉള്ള മറുപടികളും തെറ്റാണ്. സഭയിലെ എല്ലാ നിരകൾക്കും അൽമായർക്കും വേണ്ടിയല്ല അവൻ അപേക്ഷിക്കുന്നത്. എന്നാൽ ശെമ്മാശ്ശന്റെ ദീഫ്തീക്കിനു ശേഷം പടിഞ്ഞാറും, വടക്കും, ഗ്രീക്കുകാരുടെ ഇടയിലും ഇന്ന് നിലനിൽക്കുന്ന രീതി പോലെ ജനം കുറിയേലായിസ്സോൻ അതായത് കർത്താവേ ഞങ്ങളോട് കരുണചെയ്യണമേ എന്ന് മാത്രം പറയുന്നതാണ് ഉചിതം. ചിലപ്പോൾ ജീവന്റെ പുസ്തകം ഒഴിവാക്കുന്നു എന്ന് നാം ഇവിടെ മനസ്സിലാക്കണം. അതുപോലെ പലരും ദിവ്യ രഹസ്യങ്ങളുടെ സമയത്ത് ദീഫ്തീക്കുകൾ അഥവാ കാനോനാകൾ (ഒഴിവാക്കിയിരുന്നു). അതിന്റെ കാരണം എല്ലായിടത്തും നിലനിൽക്കുന്ന അവഗണന, അലസത എന്നിവയാണ്.

ദിവ്യ രഹസ്യങ്ങൾ സമാപിച്ചതിനു ശേഷം അനുസ്മരണ ആരംഭിക്കുന്നു. ആദ്യമായി ഇടയന്മാരേയും പട്ടക്കാരേയും, (പിന്നീട്) സഭയേയും അതിലെ എല്ലാ നിരകളേയും, രാജാക്കന്മാരുടേത്, ശ്ലീഹന്മരുടേത്, ദൈവമാതാവിന്റേത്, പ്രവാചകന്മാരുടേത്, ആത്മീയ പിതാക്കന്മാരുടേത്, സഹദേന്മാരുടേത്, ഗുരുക്കന്മാരുടേത്, മരിച്ചവരുടേത്.

വീണ്ടും ജീവനുള്ളവരേയും മരിച്ചവരേയും നാം ബലിയിൽ ഒർക്കുന്നത് നമ്മുടെ കർത്താവ് തന്റെ മാമോദീസായ്ക്ക് ശേഷം കുരിശു വരെ എല്ലാവരോടും ജീവന്റെ വചനം പ്രസംഗിക്കുകയും, സഹായം ചെയ്യുകയും, അത്ഭുതങ്ങൾ പ്രവർത്തിക്കുകയും ചെയ്തു എന്നത് സൂചിപ്പിക്കുന്നതിനാണ്. വീണ്ടും, അനുസ്മരണത്തിന്റെ ഈ ക്രമം വിശുദ്ധന്മാരുടെ ഹൃദയങ്ങളിലെ നിരന്തരമായതും അന്തമില്ലാത്തതും, നിലയ്ക്കാത്തതുമായ ദൈവസ്മരണയെ സൂചിപ്പിക്കുന്നു. എന്നാലോ അത് നിത്യതയോളം നിൽക്കുന്നു.

ഗഹന്താകൾക്കും പ്ശീത്താകൾക്കും ശേഷം മരിച്ചവരുടെ പ്ശീത്തായുടെ അവസാനത്തിൽ പട്ടക്കാരൻ പറയുന്നു “നമ്മുടെ കർത്താവായ യേശു മിശിഹാ അല്ലാതെ മനുഷ്യരിൽ ആരുംതന്നെ പാപങ്ങളിൽ നിന്ന് വെടിപ്പുള്ളവരല്ല.” പിന്നെ അവൻ കൂട്ടിച്ചേർക്കുന്നു “അവനോടുകൂടെ ഞങ്ങളും അവരും കരുണകളും പാപമോചനവും കണ്ടെത്താമെന്ന് അവനിൽ പ്രത്യാശിക്കുന്നു.” അതായത് മിശിഹായോടുകൂടെ എന്നാൽ അവന്റെ ബലിയോടുകൂടെ. അവൻ മൂലം ഞങ്ങൾ പ്രത്യാശിക്കുകയും പിതാവിൽ നിന്ന് കരുണയും പാപങ്ങളുടെ മോചനവും കണ്ടെത്തപ്പെടാമെന്ന് ഞങ്ങളും ഞങ്ങൾ ഓർത്തതായ ഞങ്ങളുടെ വിശ്വാസികളായ വാങ്ങിപ്പോയവരും പ്രതീക്ഷിക്കുകയും ചെയ്യുന്നു.

ആശ്വസിപ്പിക്കുകയും പുണ്യപ്പെടുത്തുകയും ചെയ്യട്ടെ എന്ന് ജനം ഉത്തരമായി പറയുന്നു: അതായത്, നമ്മുടെ മരണ ശേഷം അബ്രഹാമ്യരുടെ മടിയിൽ ആശ്വസിപ്പിക്കട്ടെ. നമ്മുടെയും അവരുടേയും മനസ്സോടോ മനസ്സുകൂടാതെയോ ഉള്ള പാപങ്ങൾ അവൻ അവഗണിക്കുകയും, നീക്കിക്കളയുകയും, ക്ഷമിക്കുകയും ചെയ്യും. അറിവോടോയുള്ളതാണെങ്കിലും അറിവുകൂടാതെയുള്ളതാണെങ്കിലും നമ്മുടെ ഭോഷത്വങ്ങളെ, ഇതിൽ നിന്ന് അറിഞ്ഞുകൊൾക മനസ്സോടുള്ള പാപങ്ങളേയും മനസ്സുകൂടാതെയുള്ള പാപങ്ങളേയും അറിവോടോ അറിവുകൂടാതെയോ ഉള്ളവയെ ദൈവം കണക്കിടും. അവയ്ക്ക് ശിക്ഷയില്ലായിരുന്നു എങ്കിൽ സഭ അവർക്കുവേണ്ടി അങ്ങനെ പ്രാർത്ഥിക്കുകയില്ലായിരുന്നു. **ഇങ്ങനെ ഇതിനും അതുപോലെ എല്ലാറ്റിനുംവേണ്ടി:** അതാ

യത്, ഇവയ്ക്കും ഞങ്ങളോടുള്ള നിന്റെ എല്ലാ കൃപകൾക്കും. അതുപോലെ നീ ഞങ്ങൾക്ക് ക്രിസ്തീയ അന്ത്യവും പാപപരിഹാരവും നൽകണമേ. ഇവയ്ക്കെല്ലാം വേണ്ടി ഞങ്ങൾ നിന്റെ വലിയ നാമത്തെയും നിന്റെ പുത്രനായ ഞങ്ങളുടെ കർത്താവായ യേശുമശിഹായേയും നിന്റെ പരിശുദ്ധ റൂഹായേയും സ്തുതിക്കുകയും വാഴ്ത്തുകയും ചെയ്യുന്നു.

ജനം: ഇരുന്നപ്രകാരം തന്നെ: അതായത്, അവൻ ആയിരുന്നത് എന്നത് ഭൂതകാലത്തെ സൂചിപ്പിക്കുന്നു. തലമുറതലമുറ എന്നത് ഭാവിയേയും വീണ്ടും അത് എന്നുമെന്നേക്കും അപ്രകാരം തന്നെ എന്നത് രണ്ടു ലോകങ്ങളേയും സൂചിപ്പിക്കുന്നു. ആമ്മീൻ. അതായത്, ശരിയാകുന്നു എന്ന് ആവർത്തിക്കുന്നു. ആമ്മീൻ എന്നാൽ അപ്രകാരം ആകട്ടെ. ആമ്മീൻ എന്നാൽ തുടർച്ചയായതും എന്നും നിലനിൽക്കുന്നതും എന്നുമാണ്. ആമ്മീൻ എന്നാൽ മുഴംകൈയ്യുടെ നീളം എന്നും ഉണ്ട്. മൂന്ന് ആമ്മീൻ മൂന്ന് മുഴം എന്നാണ്. എങ്ങനെയായിരുന്നുവോ ഭൂതകാലത്ത് പിതാവേ നിന്റെയും നിന്റെ ഏകജാതന്റേയും നിന്റെ പരിശുദ്ധ റൂഹായുടേയും നാമം സ്തുതിക്കപ്പെടുകയും വാഴ്ത്തപ്പെടുകയും ചെയ്തത് അങ്ങനെ തന്നെയാണ് വർത്തമാനകാലത്തും അങ്ങനെ തന്നെ ഭാവികാലത്തും തുടരും. ഈ മൂന്ന് കാലങ്ങളിൽ മാത്രമല്ല സ്തുതിക്കപ്പെടുന്നത് എന്നാലോ രണ്ടു ലോകങ്ങളിലും, അതായത് ഈ ലോകത്തും വരുവാനുള്ള ലോകത്തിലും. ചില ആളുകൾ പറഞ്ഞു വന്നിരുന്നതുപോലെ അവൻ ആയിരുന്നപ്രകാരം അവൻ ആകുന്നു എന്ന് പറഞ്ഞ് ഇതിൽനിന്ന് *വാവ്* മാറ്റുന്നത് യുക്തമല്ല (വാവ് എന്നാൽ സുറിയാനി ഭാഷയിൽ *ഉം* എന്ന അർത്ഥത്തിൽ ഉപയോഗിക്കുന്ന സംജ്ഞയാണ്. അതായത് ഇംഗ്ലീഷിൽ and എന്ന conjunction പകരം). എന്നാലോ ആയിരുന്ന പ്രകാരവും ആകുന്നു (it was and it is). അതുകൊണ്ട് പട്ടക്കാരൻ ഇപ്രകാരം ചൊല്ലുന്നു നിന്റെ സകല കൃപകൾക്കും. അതുകൊണ്ട് നീ ഞങ്ങൾക്ക് ക്രിസ്തീയ അന്ത്യവും പാപപരിഹാരവും നൽകണമേ. പിതാവേ ഞങ്ങൾ നിന്റേയും നിന്റെ ഏകജാതനായ പുത്രന്റേയും നിന്റെ പരിശുദ്ധാത്മാവിന്റേയും നാമത്തെ സ്തുതിക്കുകയും വാഴ്ത്തുകയും ചെയ്യുന്നു. അതുകൊണ്ട് ജനം മറുപടി പറയുന്നു എപ്രകാരം ഭൂതകാലത്തിൽ സ്തുതിക്കുകയും വാഴ്ത്തുകയും ചെയ്തുവോ അതുപോലെ തന്നെ വർത്തമാനകാലത്തും ഭാവികാലത്തും തുടരും.

ഇവിടെ പുത്രനേക്കുറിച്ച് മാത്രമാണ് ഉദ്ദേശിക്കുന്നതെന്ന് മറ്റുള്ളവർ പറയുന്നു. അവൻ എങ്ങനെ ആയിരുന്നുവോ അങ്ങനെ തന്നെ ആയിരിക്കുകയും തലമുറ തലമുറയായും തുടരുകയും ചെയ്യും. ദൈവം മനുഷ്യാവതാരത്തിന് മുമ്പ് എങ്ങനെ ആയിരുന്നുവോ മനുഷ്യാവതാരത്തിനു ശേഷവും അവൻ ദൈവമായിരിക്കും. അവൻ ശരീരത്തിലായിരിക്കുമ്പോഴും എന്നെന്നേക്കും ദൈവമായി തുടരും. ഈ വ്യാഖ്യാനം ശരിയല്ല. മറ്റെല്ലാറ്റിലും എന്നപോലെ ഇതിലും നിന്റെയും ഞങ്ങളുടെ കർത്താവേശു മിശിഹായോടും നിന്റെ പരിശുദ്ധ റൂഹായോടും കൂടെ സകലത്തിലും വിശുദ്ധവും വന്ദ്യവുമായ നിന്റെ നാമം വാഴ്ത്തപ്പെട്ട് പുകഴ്ത്തപ്പെടുമാറാകട്ടെ എന്ന് പട്ടക്കാരൻ പറയുന്നതുകൊണ്ട് മനസ്സിലാകും. അതുകൊണ്ട് പട്ടക്കാരൻ പറയുന്നതുപോലെ എങ്ങനെ ആയിരുന്നുവോ അപ്രകാരം തന്നെ എന്ന് ജനം ഇപ്രകാരം മറുപടി പറയുന്നത് ഉചിതമായിരിക്കും.

മൂശാ ബർകീഫാ മൂന്ന് ആളത്വങ്ങളേക്കുറിച്ചുള്ള വ്യാഖ്യാനത്തിൽ മധ്യത്തിലുള്ള ഒരു വ്യാഖ്യാനം നൽകുന്നു അത് സ്വീകാര്യ യോഗ്യവുമാണ്. എഡേസ്സായിലെ യാക്കോബ് പുത്രനേക്കുറിച്ചുള്ള പ്രസ്തുത വ്യാഖ്യാനത്തെ അംഗീകരിക്കുന്നു. എങ്ങനെ ആയിരുന്നുവോ അപ്രകാരം തന്നെ. അതായത്, ജഡം എടുക്കുന്നതിന് മുമ്പും ദൈവം മരിച്ചതിനു ശേഷവും ദൈവ (മായിരുന്നു). അവൻ ശരീരത്തിലും അഴിവില്ലാത്തവനായി തുടർന്നു. എന്നേക്കും. അതായത്, അവന്റെ ദൈവത്വം നശിച്ചുപോകുന്നില്ല. എന്നുമെന്നേക്കും, അതായത്, മനസ്സിലാക്കുവാൻ പാടില്ലാത്തത്.

മറ്റുള്ളവർ വ്യാഖ്യാനിക്കുന്നത് എങ്ങനെ അവൻ ആയിരുന്നുവോ, അതായത്, അവന്റെ മാറ്റമില്ലായ്മ, അവന്റെ നന്മ, അവന്റെ സ്ഥിരത, നമുക്കുവേണ്ടിയുള്ള അവന്റെ ദാനങ്ങൾ ഇങ്ങനെ ചൂണ്ടിക്കാണിക്കാം. ശ്ലീഹാ പറഞ്ഞതുപോലെ യേശുക്രിസ്തു ഇന്നലെയും ഇന്നും ആയിരുന്നതുപോലെ എന്നും ആകുന്നു (എബ്രാ 13:8).

പട്ടക്കാരൻ പറയുന്നു. **വലിയവനും രക്ഷകനുമായ ദൈവത്തിന്റെ കരുണ ഉണ്ടാകട്ടെ:** അതായത്, ഒരിക്കലായി സ്കീപ്പാമേൽ അർപ്പിക്കപ്പെട്ട ഈ ബലി സ്നേഹം ആകുന്നു, കരുണയാൽ നിങ്ങൾക്ക് നൽകപ്പെട്ടതാകുന്നു, നിങ്ങളോട് കൂടെ ആകുന്നു, അവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു (യോഹ 6:56)എന്ന് അവൻ പറഞ്ഞതുപോലെ ഇപ്പോഴും ഭാവിയിലും നിങ്ങളോട് കൂടെ ഉണ്ടാകട്ടെ.

പരിശുദ്ധ റൂഹായുടെ ആഹ്വാനം മുതൽ കാസോലിക്കി വരെ നമ്മുടെ കർത്താവിന്റെ ജനനം മുതൽ അവന്റെ ഉയിർപ്പു വരെയുള്ള സമയമായി ചിത്രീകരിച്ചിരിക്കുന്നു. അവന്റെ മനുഷ്യാവതാര പ്രവർത്തനങ്ങൾ അവസാനിപ്പിച്ചതിനു ശേഷം അവൻ കുരിശിലെ തന്റെ പൗരോഹിത്യ ശുശ്രൂഷ നിർവ്വഹിക്കുന്നു. അപ്രകാരം പട്ടക്കാരൻ വിശുദ്ധ രഹസ്യങ്ങളുടെ പൂർത്തീകരണത്തിനു ശേഷം ഖണ്ഡിപ്പും മുദ്രണവും നടത്തുന്നു.

(തുടരും)



കോട്ടയം ഓർത്തഡോക്സ് വൈദീക സെമിനാരിയിൽ വലിയ നോമ്പിലെ നാൽപ്പതാം വെള്ളിയാഴ്ചത്തെ വിശുദ്ധ കുർബാന യുകെ, യൂറോപ്പ് ആഫ്രിക്ക മെത്രാപ്പോലീത്താ ഏബ്രഹാം മാർ സ്തേഫാനോസിന്റെ മുഖ്യ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു. സെമിനാരിയുടെ മുൻ പ്രിൻസിപ്പാൾ ഫാ. ഡോ. ജേക്കബ് കുര്യനും, സെമിനാരി മാനേജർ ഫാ. ജോബിൻ വർഗീസും സന്നിഹിതരായിരുന്നു.



പാമ്പാടി മാർ കുറിയാക്കോസ് ദയറായിൽ പുതുതായി നിർമ്മിച്ച കവാടത്തിൽ സ്ഥാപിക്കുന്നതിനുള്ള കുരിശ് ഡോ. യൂഹാനോൻ മാർ ദീയസ്കൊറോസ് ആശിർവദിക്കുന്നു.

വചനതീർത്ഥം

“കർത്താവിന് അതിനെ ആവശ്യമുണ്ട്”

ഓശാന ഞായറാഴ്ച വി. യോഹന്നാൻ 12:12-19
വി. മർക്കോസ് 11: 1-18 (കുരുത്തോല വാഴ്വ്)
വി. ലൂക്കോസ് 19: 28-40 (പ്രതക്ഷിണം)

ഫിലിപ്പോസ് റമ്പാൻ
(ജ്യോതിസ് ആശ്രമം, അബു റോഡ്, രാജസ്ഥാൻ)



യേശുതമ്പുരാൻ തന്റെ യെരുശലേമിലേക്കുള്ള യാത്രയിൽ ഒലിവുമലയരികെ എത്തിയപ്പോൾ അവൻ ശിഷ്യന്മാരെ രണ്ടുപേരെ അയച്ചു അവരോട് നിങ്ങൾക്ക് എതിരെയുള്ള ഗ്രാമത്തിൽ ചെല്ലുവിൻ. അവിടെ എത്തിയാൽ ആരും ഒരിക്കലും കയറിയിട്ടില്ലാത്ത ഒരു കഴുതക്കുട്ടിയെ കാണും. അതിനെ അഴിച്ചു കൊണ്ടുവരുവിൻ. ഇത് എന്തിനാണ് ചെയ്യുന്നത് എന്ന് ആരെങ്കിലും ചോദിച്ചാൽ കർത്താവിന് ഇതിനെക്കൊണ്ട് ആവശ്യം ഉണ്ട് എന്നു പറയുവിൻ. അവർ ഉടനെ അതിനെ ഇങ്ങോട്ടേക്ക് അയയ്ക്കും. അങ്ങനെ യേശുതമ്പുരാൻ പറഞ്ഞതുപോലെ ശിഷ്യന്മാർ പോയി തെരുവിൽ പുറത്ത് വാതിൽക്കൽ കഴുതക്കുട്ടിയെ കെട്ടിയിരിക്കുന്നത് കണ്ടു. അവർ അതിനെ അഴിച്ചു. അവിടെ നിന്നവരിൽ ചിലർ ഇതിനെ അഴിക്കുന്നത് എന്തിന് എന്നു ചോദിച്ചപ്പോൾ യേശുതമ്പുരാൻ പറഞ്ഞതുപോലെ അവർ പറഞ്ഞു. അവർ കഴുതക്കുട്ടിയെ യേശുതമ്പുരാന്റെ അടുക്കൽ കൊണ്ടുവന്നു. തങ്ങളുടെ വസ്ത്രങ്ങൾ അതിന്മേൽ ഇട്ടു. യേശുതമ്പുരാൻ അതിന്മേൽ കയറിയിരുന്നു. അനേകർ തങ്ങളുടെ വസ്ത്രം വഴിയിൽ വിരിച്ചു.



യേശുതമ്പുരാൻ യാത്ര ചെയ്യുവാനായി ഉപയോഗിച്ച കഴുതയുടെ യോഗ്യത “ഒരു മനുഷ്യനും ഒരിക്കലും കയറിയിട്ടില്ലാത്തത്” എന്നാണ്. അത് യേശുതമ്പുരാന് യാത്ര ചെയ്യേണ്ട കഴുതക്കുട്ടിയുടെ പരിശുദ്ധിയെ സൂചിപ്പിക്കുന്നു. വിശുദ്ധ കർമ്മത്തിനുള്ള മൃഗങ്ങളെ മുമ്പ് മറ്റൊന്നിനും ഉപയോഗിച്ചിട്ടില്ലാത്തവയാകണം. അതുപോലെ രാജക്കന്മാർക്ക് യാത്ര ചെയ്യാനുള്ള മൃഗങ്ങളും മറ്റാരും ഉപയോഗിച്ചിട്ടില്ലാത്തതാവണം (സംഖ്യ 19: 2, 1ശമു. 6:7). രണ്ടാമമത്, “അത് കെട്ടപ്പെട്ടിട്ടുള്ള കഴുതക്കുട്ടിയാണ്” കഴുതക്കുട്ടിയുടെ പുറത്തു കയറി സീയോന്റെ രാജാവ് എഴുന്നള്ളി വരുന്നതിനെക്കുറിച്ച് സക്കറിയാ പ്രവാചകൻ പ്രവചിച്ചിട്ടുണ്ട് (സെഖര്യാവ് 9:9).

കർത്താവിന് അതിന് ആവശ്യമുണ്ട്

യേശുതമ്പുരാൻ തനിക്ക് യെരുശലേം നഗരത്തിലേക്ക് രാജാവായി എഴുന്നള്ളാൻ യോഗ്യതയുള്ള ഒരു കഴുതക്കുട്ടിയെ കൊണ്ടുവരുവാൻ രണ്ടു ശിഷ്യന്മാരെ അയച്ചു. യേശു ശിഷ്യന്മാരെ അയച്ചത് എതിരെയുള്ള ഗ്രാമത്തിലേക്കാണ്. അത് ബേത്ഫാഗയാണ്. കഴുതക്കുട്ടിയെ അഴിക്കുന്നത് എന്തിന് എന്ന് ചോദിക്കുന്നവരോട് “കർത്താവിന് അതിനെ ആവശ്യമുണ്ട് എന്നു മറുപടി പറയുവാൻ യേശു ശിഷ്യന്മാരോട് നിർദ്ദേശിച്ചു. കർത്താവിന് ആവശ്യമുണ്ട് എന്നു രണ്ടു തവണ ആവർത്തിക്കുന്നുണ്ട്. കർത്താവിന് തന്റെ പദ്ധതി പൂർത്തിയാക്കാൻ അതിനെ ആവശ്യമാണ്. കെട്ടപ്പെട്ട കഴുതയെയാണ് കർത്താവിന് ആവശ്യമെന്ന് കാണുന്നു. കെട്ടപ്പെട്ട കഴുതയെ അഴിച്ചുകൊണ്ടുവരുവാനായി ശ്ലീഹാമാരെ അയയ്ക്കുന്നു. പാപത്തിന്റെ ബന്ധനത്താൽ കെട്ടപ്പെട്ട നമ്മെ ആ ബന്ധത്തിൽ നിന്നും അഴിച്ചുകഴിയുമ്പോൾ ക്രിസ്തുവിന് നമ്മെ ആവശ്യമുണ്ട്. അതിനാൽ പാപബന്ധനത്തിൽ നിന്നും വിടുവിക്കപ്പെട്ട് ക്രിസ്തുവിന്റെ പദ്ധതിയുടെ പൂർത്തീകരണത്തിനായി നമ്മെ സമർപ്പിക്കണം.

കഴുതക്കുട്ടിയെ കൊണ്ടുവന്നതിനുശേഷം യേശുവിനെ സ്വീകരിച്ച് കൊണ്ടുപോകുമ്പോൾ ശിഷ്യന്മാർ ചെയ്യുന്ന പ്രവർത്തികൾ യേശു രാജാവാണെന്ന് ഉറപ്പിക്കുന്നു. കഴുതയുടെ പുറത്ത് തങ്ങളുടെ വസ്ത്രങ്ങൾ വിരിച്ച് യേശുവിനെ അതിന്മേലിരുത്തി. കൂടാതെ തങ്ങളുടെ വസ്ത്രങ്ങൾ വഴിയിൽ വിരിച്ചു. ഈ പ്രവർത്തി യേശു രാജാവാണെന്നും വിജയശ്രീലാളിതനായ രാജാവായി എഴുന്നള്ളുന്നു എന്നും സൂചിപ്പിക്കുന്നവയാണ്. രാജാക്കന്മാർ സാധാരണ കുതിരപ്പുറത്ത് യാത്രചെയ്യുമ്പോൾ യേശു കഴുതക്കുട്ടിയുടെ പുറത്ത് കയറിയിരുന്ന് രാജാവായി നഗരത്തിലേക്ക് എഴുന്നള്ളുന്നു. കഴുതപ്പുറത്ത് കയറി വരുന്ന മശിഹാ രാജാവിനെക്കുറിച്ചുള്ള പ്രവചനം (സെഖ. 9:9, മലാഖി 3:1) യേശുതമ്പുരാൻ പൂർത്തിയാക്കി. യേശു വിനീതനായും സമാധാന രാജാവായും വരുന്നു. അവനെ ശിഷ്യഗണം മുഴുവൻ സന്തോഷത്തോടെ സ്വീകരിച്ചു. യാത്രയുടെ അവസാനം ശിഷ്യഗണം അവനെ ജറുശലേമിലേക്ക് സ്വീകരിച്ചു.

കഴുതപ്പുറത്ത് കയറി വരുന്ന യേശു സഖറിയായുടെ ദീർഘദർശനപ്രകാരം വരുവാനുള്ള മശിഹാരാജാവ് തന്നെയാണ് താൻ എന്ന് പ്രഖ്യാപനം ചെയ്യുകയാണ് ചെയ്യുന്നത്. ആദ്യമായിട്ടാണ് ഒരു വാഹനമൃഗത്തെ കർത്താവ് ഉപയോഗിക്കുന്നത്. ലൗകിക രാജാക്കന്മാർ യുദ്ധത്തിനും മറ്റും പോകുമ്പോൾ കുതിരയെ ഉപയോഗിക്കുന്നു. എന്നാൽ യുദ്ധത്തെ മായിച്ച് ജാതികളോട് സമാധാനം സംസാരിപ്പാൻ വന്നവനായ കർത്താവ് യുദ്ധോചിതമല്ലാത്ത കഴുതപ്പുറത്ത് കയറിവന്ന് സമാധാനം സ്ഥാപിക്കുന്നു. കഴുത വിനയസൂചകമാണല്ലോ. ഇങ്ങനെ കഴുതക്കുട്ടിയുടെ പുറത്ത് കയറിവന്ന കർത്താവിന് ഒരു രാജോചിതമായ സ്വീകരണമാണ് ജനങ്ങളും നൽകുന്നത്. രാജാക്കന്മാരെയും മറ്റും ബഹുമാനിക്കുവാൻ വസ്ത്രങ്ങൾ വഴിയിൽ വിരിക്കുകയും (2രാജാ. 9:13) സന്തോഷ അവസരങ്ങളിൽ കുരുത്തോലകളും മറ്റും ഉപയോഗിക്കുകയും (ലേവ്യ 23:40) പതിവായിരുന്നു. കർത്താവ് പല പ്രാവശ്യം യെരുശലേമിൽ പ്രവേശിച്ചിട്ടുണ്ടെങ്കിലും ഇതുപോലെയുള്ള ഒരുക്കങ്ങളും സന്നാഹങ്ങളും ആദ്യമായിട്ടാണ്. അതിന്റെ കാരണം വി. യോഹന്നാൻ ശ്ലീഹാ പറയുന്നുണ്ട്. അതായത് ലാസറിനെ ഉയിർപ്പിച്ച സംഭവം ജനങ്ങളിൽ യേശുവിനെക്കുറിച്ചുള്ള ആദരവ് കൂടുതൽ ഉണ്ടാക്കി. ഇവിടെ കർത്താവിന് സഞ്ചരിക്കാനായി ഉപയോഗിച്ചത് ആരാലും ശ്രദ്ധിക്കപ്പെടാതിരുന്ന കഴുതക്കുട്ടിയെയാണ്. എന്നാൽ ക്രിസ്തു അതിനെ വാഹനമാക്കിയപ്പോൾ എല്ലാവരാലും ശ്രദ്ധിക്കപ്പെട്ടു. ഇന്ന് നമ്മെക്കുറിച്ചും യേശു പറയുന്നുണ്ട്. മകനെ, മകളെ എനിക്ക് നിന്നെക്കൊണ്ട് ആവശ്യമുണ്ട്. നമുക്കും ക്രിസ്തുവിനാൽ തിരഞ്ഞെടുക്കപ്പെടുവാനായി ഒരുങ്ങാം.

കർത്താവിന്റെ നാമത്തിൽ വരുന്ന രാജാവ് വാഴ്ത്തപ്പെട്ടവനാകുന്നു


ജനസമൂഹം ഘോഷയാത്രയായി പട്ടണത്തോട് സമീപിച്ചു ഒലിവുമലയുടെ ചരിവിലെത്തിയപ്പോൾ ശിഷ്യഗണം മുഴുവൻ തങ്ങൾ കണ്ട എല്ലാ അദ്ഭുത പ്രവൃത്തികളെയും കുറിച്ച് ദൈവത്തെ സ്തുതിക്കുവാൻ തുടങ്ങി. യേശു

ചെയ്ത അദ്ഭുത പ്രവൃത്തികൾ കണ്ട ജനക്കൂട്ടം അവനെ പ്രവാചകനെന്ന് വിലയിരുത്തി. പക്ഷെ ശിഷ്യന്മാർക്ക് അവൻ വാഗ്ദത്തരാജാവാണ്. അതുകൊണ്ടാണ് ശിഷ്യഗണം മുഴുവൻ പാടുന്നത് "കർത്താവിന്റെ നാമത്തിൽ വരുന്ന രാജാവ് അനുഗൃഹീതനാകുന്നു" എന്ന്. അതായത് യേശു ശുശ്രൂഷയിൽ ഉടനീളം ഗലീലയിലും അവിടം മുതൽ ജെറുശലേം വരെ പ്രവർത്തിച്ച് ശിഷ്യന്മാർ കണ്ട സകല കാര്യങ്ങളും അവൻ കർത്താവിന്റെ നാമത്തിൽ വരുന്ന അനുഗ്രഹീത രാജാവാകുന്നു എന്ന് വെളിപ്പെടുത്തി കൊടുത്ത് അവനെ അയച്ചതോർത്തും അവനിലൂടെ ദൈവം അദ്ഭുതങ്ങൾ പ്രവർത്തിച്ചതോർത്തും അവർ ദൈവത്തെ സ്തുതിച്ചു. ആ രാജാവിനെ സ്വീകരിക്കാൻ തങ്ങളുടെ വില കൂടിയതും പ്രിയപ്പെട്ടതുമായ മേൽവസ്ത്രങ്ങൾ അവർ വഴിയിൽ വിരിച്ചു. കർത്താവിന്റെ നാമത്തിൽ വരുന്ന രാജാവ് അനുഗ്രഹീതൻ എന്ന് സ്തുതിപ്പ് സങ്കീർത്തനം 118:26-ൽ കാണുന്നു. സങ്കീ. 118 ഒരു തീർത്ഥാടന സങ്കീർത്തനമാണ്. അത് യേശുവിന്റെ രാജത്വം പ്രഘോഷിക്കാൻ ഉപയോഗപ്പെടുത്തി.

പ്രവചനങ്ങളിലൂടെ ദൈവം വാഗ്ദത്തം ചെയ്തവ പൂർത്തിയാക്കി വരുന്നവൻ ആണ് യേശു. അവൻ മശിഹാ രാജാവാണ്. ശിഷ്യഗണം യേശുവിനെ സ്വീകരിച്ചാനയിച്ച ഘോഷയാത്രയിൽ 118-ാം സങ്കീർത്തനം ഉദ്ധരിച്ചത് വളരെ അർത്ഥവത്താണ്. കർത്താവിന്റെ നാമത്തിൽ വരുന്നവൻ മ്ശിഹായാണ്. അതിനാലാണ് ഈ സങ്കീർത്തനം കൂടാരപെരുന്നാളിൽ ആലപിച്ചിരുന്നത്. സന്തോഷത്തിന്റെയും ആർപ്പുവിളികളുടെയും അലകൾ ശിഷ്യഗണത്തിൽ നിന്ന് ഉയരുന്നത് പ്രവചനം പൂർത്തിയാക്കി മ്ശിഹാ വരുന്നതിനാലാണ്. കർത്താവിന്റെ നാമത്തിൽ വരുന്ന യേശു തന്നെയാണ് മിശിഹാ എന്ന് അവൻ പ്രവർത്തിച്ച് അവർ കണ്ട സകല വീര്യപ്രവർത്തികളും സാക്ഷിച്ചിട്ടുണ്ട്. യേശു ദൈവത്തിന്റെ ദാനമായ സമാധാനമായി ഭൂമിയിലേക്ക് വന്നു. അവൻ സേവനത്തിലുടനീളം സമാധാനം നൽകി. സേവനം പൂർത്തിയാക്കി ആത്മബലി അർപ്പിക്കുമ്പോൾ സമാധാനശുശ്രൂഷ പൂർത്തിയാക്കും. അതിനാണ് യെരുശലേമിലേക്ക് കഴുതക്കുട്ടിയുടെ പുറത്തിരുന്ന് സമാധാനരാജാവായി വരിക. അതിനാൽ ശിഷ്യഗണം മുഴുവൻ സന്തോഷിച്ച് പാടി "സ്വർഗ്ഗത്തിൽ സമാധാനം, അത്യുന്നതങ്ങളിൽ മഹത്വം. യേശു യെരുശലേമിൽ തലയോടിടം എന്നർത്ഥമുള്ള ഗോൽഗുഥായിൽ രാജാവായി ക്രൂശിക്കപ്പെട്ട് ആത്മബലി അർപ്പിക്കുമ്പോൾ ഭൂമിയെയും സ്വർഗ്ഗത്തെയും തമ്മിൽ സമാധാനത്തിലാക്കുന്ന ശുശ്രൂഷ പൂർത്തിയാകും. അതിലേക്ക് ശിഷ്യഗണം മുഴുവൻ സന്തോഷിച്ച് യേശുവിനെ എതിരേറ്റു. പെരുന്നാളുകൾക്ക് വന്ന ജനസമൂഹം യേശുതമ്പുരാൻ യെരുശലേമിലേക്ക് വരുന്നു എന്നറിഞ്ഞ് ഈന്തപ്പനയുടെ കുരുത്തോലകൾ പിടിച്ചുകൊണ്ട് യേശുതമ്പുരാനെ എതിരേറ്റു. ഹോശന്നാ, യിസ്രായേലിന്റെ രാജാവായി കർത്താവിന്റെ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവൻ എന്ന് ആർത്തു. സീയോൻപുത്രീ, ഭയപ്പെടേണ്ട, ഇതാ നിന്റെ രാജാവ് കഴുതക്കുട്ടിപ്പുറത്ത് കയറി വരുന്നു എന്ന് എഴുതിയിരിക്കുന്ന പ്രവചന പൂർത്തീകരണം ഇവിടെ പൂർണ്ണമാകുന്നു.

ഊശാന എന്ന വാക്കിന്റെ അർത്ഥം രക്ഷിക്കണമേ എന്നാണ്. കൂടാരപ്പെരുന്നാൾ മുതലായ പെരുന്നാളുകളിൽ കുരുത്തോലകൾ, വൃക്ഷക്കൊമ്പുകൾ എന്നിവ ഉപയോഗിക്കുകയും ദൈവമേ ഞങ്ങളെ രക്ഷിക്കണമേ എന്നർത്ഥത്തിൽ ഓശാന പാടുകയും യഹൂദർക്ക് പതിവായിരുന്നു. ഈ പെരുനാളിൽ നാം പങ്കെടുക്കുമ്പോൾ, കുരുത്തോലകൾ പിടിച്ചുകൊണ്ട് കർത്താവേ അവിടുന്ന് എന്നെയും അങ്ങേയ്ക്ക് വാഹനമായി ഉപോഗിക്കണമേ എന്ന പ്രാർത്ഥനയോടുകൂടി കർത്താവിന്റെ നാമത്തിൽ വരുന്ന അങ്ങ് വാഴ്ത്തപ്പെട്ടവനാകുന്നു എന്ന് നമുക്ക് ഉച്ചത്തിൽ പാടാം.

ഇനിയുമുള്ള ദിവസങ്ങളിൽ നാം നമ്മുടെ കർത്താവിന്റെ കഷ്ടാനുഭവവും കുരിശുമരണവും ഉയിർപ്പും പ്രത്യേകമായി ഓർക്കുന്ന ദിനങ്ങളാണല്ലോ. എന്റെ കർത്താവ് എനിക്കുവേണ്ടി കഷ്ടതയും മരണവും അനുഭവിച്ചു എന്ന് മനസ്സിലാക്കി കർത്താവിന്റെ കഷ്ടാനുഭവത്തിലും മരണത്തിലും നമുക്കും പങ്കാളികളാകാം. നമ്മുടെ എല്ലാ പൈശാചികമായ ചിന്തകളെയും പ്രവർത്തികളെയും ഉപേക്ഷിച്ച് ഒരു പുതുക്കത്തിന്റെ ആത്മാവിൽ ക്രിസ്തുവിനോടുകൂടി ഉയർക്കപ്പെടുവാൻ നമുക്ക് നമ്മെത്തന്നെ ക്രസ്തുവിൽ സമർപ്പിക്കാം. ഏറ്റവും അനുഗ്രഹപ്രദമായ ഹാശാ ആഴ്ചയിലേക്ക് നമുക്ക് പ്രവേശിക്കാം. ❑



ഫാ. റ്റി. സി ജോൺ അന്തരിച്ചു

മാവേലിക്കര ഭദ്രാസനത്തിലെ സീനിയർ വൈദികനും ചേപ്പാട് സെന്റ് ജോർജ് വലിയ പള്ളി ഇടവകാംഗവുമായ തണ്ടളത്ത് ഫാ. റ്റി. സി. ജോൺ (83) 2023 മാർച്ച് 31-ന് അന്തരിച്ചു. സംസ്കാരം ഏപ്രിൽ 2-ന് ഞായറാഴ്ച ഉച്ചയ്ക്ക് ശേഷം ചേപ്പാട് സെന്റ് ജോർജ് വലിയപള്ളിയിൽ. അച്ചൻ പ. ഗീവർഗീസ് ദ്വിതീയൻ കാതോലിക്ക ബാവായുടെ സെക്രട്ടറിയായിരുന്നു.



മാവേലിക്കര ഭദ്രാസനത്തിലെ വൈദിക സംഘത്തിന്റെ നോമ്പുകാല ധ്യാനം നടത്തപ്പെട്ടു. ഫാ സഖറിയ തോമസ് പുതുപ്പള്ളി ധ്യാനം നയിച്ചു.

ഡോക്ടറേറ്റ് കരസ്ഥമാക്കി

ഫാ. വിവേക് വർഗീസ് റോമിലെ പൊന്തിഫിക്കൽ യൂണിവേഴ്സിറ്റിയിൽ നിന്നും Church Communication-ൽ ഡോക്ടറേറ്റ് കരസ്ഥമാക്കിയിരിക്കുന്നു. നിലവിൽ യൂ.കെ യൂറോപ്പ് ആഫ്രിക്ക ഭദ്രാസനത്തിലെ Malta, Switzerland എന്നീ ഇടവകളിൽ വികാരി ആയി സേവനം അനുഷ്ഠിക്കുന്നു. ചെങ്ങന്നൂർ ഭദ്രാസനത്തിൽ കുടശ്ശനാട് സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് കത്തീഡ്രൽ ഇടവകാംഗം.





ആർത്താറ്റ് സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ യുവജന പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ ശുബ്ഹൊ-2023 ദൈവവചന പ്രഘോഷണവും ഉപവാസ ധ്യാനയോഗവും നടത്തപ്പെട്ടു. രണ്ടാം ദിവസം നടത്തപ്പെട്ട ധ്യാനയോഗത്തിൽ ഇടുക്കി ഭദ്രാസന മെത്രാപ്പോലീത്ത സഖറിയ മാർ സേവേറിയോസ് വചന പ്രഘോഷണം നടത്തി.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

"Hosanna: An Affirmation, an Exclamation, and a Procession to the New Jerusalem"

(The Palm Sunday - Seventh Sunday of Great Lent) John 12:12-19



Fr. Geevarghese Thomas

The crowd experiencing Jesus' signs and miracles are strongly moved by the powers and authority He possesses. Though they are highly spirited in accepting him as the King of Israel, Jesus tends to redefine His Kingship with certain extraordinary practices and thereby symbolise the spiritual voyage to New Jerusalem on certain principles of Cross bearing. Let us look into some key points in Christ's triumphant entry into Jerusalem and redefine our journey to the New Jerusalem!

Reflections

1. Spread the Cloaks - Hosanna as an Affirmation!

Hosanna, which is a Hebrew expression having a vocative sense with an imperative meaning- "Save us!". This expression validates when we have someone or something to affirm regarding it as much supreme over our plights. We see some peculiar actions of crowd -

"They brought the colt to Jesus, threw their cloaks on the colt and put Jesus on it. As he went along, people spread their cloaks on the road" (Luke 19:35,36). The act of spreading ones cloak is the very sign of submitting oneself before the supremacy.

The modern world gifts us a wide range of "cloaks" which define us in our society. In our journey to the New Jerusalem, are we making these "cloaks" a symbol of snobbery? Today, does the "cloak" of politicians remind them of brotherhood and equality? Does the "cloak" of priests and bishops remind them of servanthood? What does "my cloak" remind me of? As the cloaks were spread on the colt and on the way for Jesus, we must tame our snobbish lives before the perfection of the humility personified! This giving up of vainglory is the affirmation of the expression - Hosanna, which means "Save us!".

The virtue of Christianity lies in moulding one's life to grow continuously with affirmation to exclamation! Affirmation translates our humble lives into an exclamation of joy and triumph! *"They took palm branches and went out to meet him, shouting, Hosanna!"* (John 12:13). In Jewish tradition, the palm leaves symbolise victory, triumph, peace and eternal life. These states are not pertaining to any physical battle. Rather, these are the blessed states which Christ our Lord gifts us in battling the spiritual warfare. This exclamation becomes a virtue of gaining Christ and losing the gains of the world. This is what the apostle teaches us - *"But whatever were gains to me I now consider loss for the sake of Christ. What is more, I consider everything a loss because of the surpassing worth of knowing Christ Jesus my Lord, for whose sake I have lost all things. I consider them garbage, that I may gain Christ and be found in him, not having a righteousness of my own that comes from the law, but that which is through faith in Christ—the righteousness that comes from God on the basis of faith"* (Philippians 3:7-9).

2. The Lord needs it (A Colt) - The mandate for the Procession!

"Go to the village ahead of you, and as you enter it, you will find a colt tied there, which no one has ever ridden. Untie it and bring it here. If anyone asks you, Why are you untying it? say, The Lord needs it" (Luke 19:30,31).

Jesus, the King of Israel entered the Jerusalem city, riding on a Donkey's colt! The whole idea or the message of the event converges to "humility" and "service". Jesus is always unique in his ways. "....find a colt which no one has ever ridden", implies Jesus is the only King crowned in humility and service to the needy, unlike the kings who move in chariots of power and self glory. No king in the history has ridden on a 'Donkey's colt' symbolising humility. Colt as the 'younger', in itself has a great insight. Remember where Christ says- *"Truly I tell you, unless you change and become like little children, you will never enter the kingdom of heaven"* (Mathew 18:3). A child is the purest form of the virtue within! Likewise, a 'Donkey's colt' symbolises purest and perfect Humility, with which Christ being the Son of Man served others and lived not to be served (Mathew 20:28). Jesus in His perfect humility, served the mankind through all the events in His salvation economy. Through His Birth, he as God became tangible! Through and "in" His Baptism, he gave us the sanguinity of rebirth and to inherit the Kingdom of God! Through His crucifixion, He offered us the communion at the Heavenly Table! Through His resurrection, He restored our life and relationship with the Father!

The whole of Christ's economy was a humble procession to lift us back in the exalted state. He accomplished this at the point of humility, obedience and service. And these three are the characteristic traits of a donkey to its master! Let us think for a moment.... The Lord needs it! Can I be a disciple of Christ, living the characteristic traits of "a colt"? Can I reflect the same humility, obedience and service, which my Lord has shown for my salvation? All above, can I become the donkey of Christ, in the sense that my Lord and my master rules and directs me, my life and everything? This is what Christ and His disciples taught- *"Humble yourself and you will be exalted."* This is what apostle Paul reminds us in Philippians 2:5-8 : *"In your relationships with one another, have the same mindset as Christ Jesus: Who being in very nature God, did not consider equality with God something to be used to his own advantage; rather he made himself nothing by taking the very nature of a servant, being made in human likeness. And being found in appearance as a man, he humbled himself by becoming obedient to death, even death on a cross!"*

Though the world varies in its order, let us be reminded of the destiny, the procession and the mandate. The mandate of becoming "a colt" as what our Lord needs, in voyaging towards the New Jerusalem!

Conclusion

The growth of discipleship is not measured with the "cloaks" we put on. Instead, by realising the virtues bestowed with the cloak and taming our snobbish lives before the perfect humility of Christ. It is with this affirmation we become the icons of Christ in Cross bearing and translate us into living experiences of exclaiming God's triumph and peace in our economy of discipleship. Also, our lives must become a procession with the mandate of becoming "a colt", exemplifying humility, obedience and service, to enthrone the King of New Israel - the Holy Church! May God bless us.

❑

Article

Hosanna Hosanna Hosanna

Rincy

The wait for the triumphant entry in our hearts.

At the time of Saviour's birth, the angels praised God saying, "Glory to God in the highest, And on earth peace, goodwill toward men!”" (St. Luke 2:13-14).

In our Lord's triumphant entry to Jerusalem we see- "...the whole multitude of the disciples began to rejoice and praise God with a loud voice for all the mighty works they had seen, saying: ‘Blessed is the King who comes in the name of the Lord!’ Peace in heaven and glory in the highest!" (St. Luke 19:37-38)

The angels exclaim peace on earth whereas disciples bless for peace in heaven. Peace on earth-The whole world had awaited the Lord's Incarnation and, on His birth, the humanity feels the respite as Lord works on the redemptive mission to ‘renew His Image in men’*. Peace in heaven- because following His triumphant entry, He would be glorified soon after and do ‘away with death and corruption’*. (* St. Athanasius - On the Incarnation)

The prophecy of Zechariah read during the Palm Sunday shows us a King who is just, lowly, has salvation and comes in peace (Zechariah 9:9-11). In our times, we are content with a yearly shout of Hosanna. Christ waits at the door of our heart- He weeps for it like He wept for Jerusalem --"If you, even you, had only recognized on this day the things that make for peace!" (v.42) . To make peace is a two-way street. The King has come with peace, now it is upto the city- the heart to welcome the peace.

In the words of His Grace Geevarghese Mar Ivanios Metropolitan of blessed memory-

"Christ is knocking the door from outside: "If you open the door, I will dine with you" Dinner is a symbol of fellowship, and this call is an invitation to have fellowship with God….

Have you noticed the mansions these days? When the construction is completed, an image of Jesus will be placed on the porch. Indeed, He is given the stature of a watchman. We say to Him- "It is enough that You sit as the guardian of this house! We will call You inside when needed." Yet, the Lord calls again- "Open the door!".

He is a seeker of the lost and hence He knocks. He longs for our repentance and transformation. He is the loving Shepherd … who doesn't just monitor from heaven, rather He comes down to earth and seeks us. While all religions focus on seeking God, it is in Christianity that one sees the God seeking man…. We are unable to welcome Him. The sole reason is our fear of having to remove those things from our lives that are not pleasing to the Lord. The fear that Christ will control us prevents us from receiving Him." (Translated from Malayalam- ‘Maunathinte Lavanyam’)

When Jesus enters the temple, He does two things that is reminiscent of what Judas Maccabees and his group did when they freed the Jerusalem temple:

a) Maccabees brothers removed any items that profaned the holy place. Jesus Christ drives those out who have made temple into a marketplace.

b) The Maccabees brothers re-dedicate the altar, and the rightful sacrifice was offered. Jesus Christ starts teaching "daily in the temple" (v47)



thus restoring the true revelatory function of the temple- to share the gospel.

Let the Lord enter our hearts and cleanse it. Let our hearts be like the temple where one listens to the Lord, receives His peace, and is in fellowship with Him. Ivanios Thirumeni laments "We are unable to welcome Him. The sole reason is our fear of having to remove those things from our lives that are not pleasing to the Lord. The fear that Christ will control us prevents us from receiving Him.

The quest of the Lord begins with the question- "Adam, where are you"? It still continues with the ask that is epitome of His love- "Will you open the door?"(Translated from Malayalam- ‘Maunathinte Lavanyam’)

The question remains - are we content with the yearly shout of Hosanna and ensure Christ remains outside our hearts/ homes or are we willing to accord Him a triumphant entry to our lives?

❑




അങ്കമാലി ഭദ്രാസന വൈദിക സംഘം മീറ്റിംഗ് ആലുവ തൃക്കുന്നത്ത് സെമിനാരിയിൽ വച്ച് നടന്നു.

അനുസ്മരണം

നന്മയുടെ കാൽപ്പാടുകൾ

ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ



മലങ്കരസഭയിലെ മഹാനായ തോമാ മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്താ ചേപ്പാട് സെന്റ് ജോർജ് പള്ളിയിൽ 1954-ൽ എത്തിയപ്പോൾ തണ്ടളത്ത് റ്റി. കെ. കൊച്ചുണ്ണിയെ വിളിച്ചിട്ട് പറഞ്ഞു, നിന്റെ ഒരു മകനെ എനിക്ക് വേണം.

മുതുകുളം സ്വദേശിയായ റ്റി. കെ. കൊച്ചുണ്ണിയും തോമാ മാർ ദിവന്നാസിയോസും സ്നേഹിതരാണ്. മുതുകുളത്ത് ഒരു ദേവാലയം നിർമ്മിച്ചു നൽകുന്നതുമായി ബന്ധപ്പെട്ട് തിരുമേനിയുമായി ആത്മബന്ധം സൃഷ്ടിച്ചുള്ളവരാണ് ഇരുവരും. കൊച്ചുണ്ണിക്ക് നാല് ആൺമക്കൾ. എല്ലാവരും പള്ളിയിൽ എത്തിയിട്ടുണ്ട്. അദ്ദേഹം തിരുമേനിയോടു പറഞ്ഞു: "തിരുമേനി, മുതിർന്നവർ മൂന്നുപേർ ഉണ്ട്. ആരെയാണ് വേണ്ടത് എടുത്താട്ടെ."

സന്തോഷഭരിതനായ തോമാ മാർ ദിവന്നാസിയോസ് തിരുമേനി ഓരോരുത്തരേയും വിളിച്ചു കുശലാന്വേഷണം നടത്തി. ഫോർത്ത് ഫോമിൽ പഠിക്കുന്ന മൂന്നാമനായ തണ്ടളത്ത് റ്റി. സി. ജോണിനെയും വിളിച്ചു. "നിനക്ക് അച്ചൻ ആകുവാൻ ഇഷ്ടമാണോടാ."

"അതേ," എന്നു ഉത്തരം പറഞ്ഞപ്പോൾ സന്തോഷത്തോടെ തിരുമേനി മടിയിൽ ഇരുത്തി, ചേർത്ത് പിടിച്ച് അനുഗ്രഹിച്ചു. പിന്നീട് എപ്പോൾ മാർ ദിവന്നാസിയോസ് ചേപ്പാട്ട് എത്തിയാലും പോയി കാണുകയും കുശലാന്വേഷണം നടത്തുകയും ചെയ്യും. സ്കൂൾ ഫൈനൽ പരീക്ഷയായ എസ്.എസ്.എൽ.സി കഴിഞ്ഞയുടനെ മാർ ദിവന്നാസിയോസ് തിരുമേനിയെ കാണുകയും കോട്ടയം സെമിനാരിയിൽ പഠിക്കുവാൻ ആവശ്യമായ ക്രമീകരണങ്ങൾ നടത്തുകയും ചെയ്തു. പഴയ സെമിനാരിയിൽ 1959-ലെ ബാച്ചിൽ 27-ാമത്തെ വിദ്യാർത്ഥിയായി ചേർന്ന റ്റി. സി ജോൺ ദൈവകൃപയിലും ആത്മീയ ജ്ഞാനത്തിലും ഇടയപരിപാലനത്തിന്റെ കർമ്മമേഖലകൾ ചവുട്ടിക്കയറി, 2017-ൽ എഴുപത്തിയേഴിന്റെ നിറവിൽ എത്തി പ്രകാശം പരത്തുന്ന മഹത്തായ വ്യക്തി പ്രഭാവമാണ്. ഇടവക ശുശ്രൂഷയിൽ അരനൂറ്റാണ്ടിൽ അധികമായി വികാരിയായി സേവനം അനുഷ്ഠിക്കുന്ന ചേപ്പാട് തണ്ടളത്ത് ഫാ. റ്റി. സി. ജോൺ വൈവിധ്യമാർന്ന ഇടയ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്നു.

1. വിളിയും നിയോഗവും

സ്കൂൾ ഫൈനൽ പാസ്സായിട്ടാണ് വൈദിക സെമിനാരിയിൽ എത്തിയതെങ്കിലും ഉറച്ച നിശ്ചയദാർഢ്യവും ക്രമീകൃതമായ ശിക്ഷണവും ഭാവിയെക്കുറിച്ചുള്ള ഉൾക്കാഴ്ചയും ഉണ്ടായിരുന്നതിനാൽ എം. എ വരെ പഠിക്കുവാൻ നിയോഗം ഉണ്ടായി.

വൈദിക സെമിനാരി പഠനം പൂർത്തിയാക്കി നിരണം ഭദ്രാസനാധിപൻ തോമാ മാർ ദിവന്നാസിയോസിന്റെ സെക്രട്ടറിയായി 1964 ജൂൺ 8 മുതൽ ചുമതല ഏറ്റെടുത്തു. കൂടെ കല്ലൂപ്പാറക്കാരൻ റ്റി. എം. ജോസഫ് ശെമ്മാശനും ഉണ്ടായിരുന്നു. ഡിഗ്രിക്ക് പഠിച്ചാൽ കൊള്ളമെന്ന് തോമാ മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തായോട് പറയുകയും അദ്ദേഹം അത് സമ്മതിക്കുകയും ചെയ്തു.

പത്തനാപുരം സെന്റ് സ്റ്റീഫൻസ് കോളേജിൽ 1966-68 കാലത്ത് പ്രീഡിഗ്രി വിദ്യാർത്ഥിയായി ചേരുകയും തിരുമേനിയുടെ സെക്രട്ടറിയായി പ്രവർത്തിക്കുകയും ചെയ്തു. മാവേലിക്കര ബിഷപ്പ് മൂർ കോളേജിൽ ചേർന്നാണ് ബി.എ ഇക്കണോമിക്സ് പഠിച്ചത്. സെക്കൻഡ് ലാംഗേജായി പഠിച്ചത് സുറിയാനിയായിരുന്നു. അന്ന് മാവേലിക്കര ബിഷപ്പ് മൂർ കോളേജിൽ സുറിയാനി ഇല്ലായിരുന്നെങ്കിലും പ്രശസ്തനായ കണിയാംപറമ്പിൽ കുര്യൻ കോർഎപ്പിസ്കോപ്പയിൽ നിന്നും പ്രത്യേകമായി സുറിയാനി അഭ്യസിച്ചാണ് പരീക്ഷ എഴുതിയത്. സുറിയാനി പഠനത്തിനായി പലപ്പോഴും തിരുവല്ലായിൽ കണിയാംപറമ്പിൽ അച്ചന്റെ അടുത്തു പോകുമായിരുന്നു. കേരളാ സർവ്വകലാശാലയിൽ നിന്നും ബി.എ ഇക്കണോമിക്സ് സെക്കൻഡ് ക്ലാസ്സോടെ പാസ്സായതിനെ തുടർന്ന് കോട്ടയത്ത് പൈകടാസ് കോളജിൽ എം.എ.യ്ക്ക് പഠിക്കുവാനായി ചേർന്നു.

2. ബോധ്യവും ബോധനവും

പഴയസെമിനാരിയിൽ പഠിച്ച 1959-1964 കാലഘട്ടത്തിൽ പ. പ. ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമേനിയുടെ കൂടെ വി. കുർബ്ബാനയ്ക്ക് ധൂപം അർപ്പിക്കുവാനുള്ള അവസരം ലഭിക്കുമ്പോൾ പ്രായം 18 വയസ്സു മാത്രം. വൈദിക സെമിനാരി പഠനകാലത്ത് എല്ലാ ഞായറാഴ്ചകളിലും കഷ്ടാനുഭവ ആഴ്ചകളിലും പരിശുദ്ധ ബാവായോടൊപ്പം ആരാധനയ്ക്ക് കൂടുവാൻ നിയോഗം ലഭിച്ചത് തണ്ടളത്ത് റ്റി. സി. ജോണിനാണ്.

സെമിനാരിയിൽ പല അദ്ധ്യാപകർ ഉണ്ടായിട്ടും ആരാധന കാര്യങ്ങളിലും ശുശ്രൂഷയിലും പരിശീലനം നേടുവാൻ റ്റി. സി. ജോണിനെ അയച്ചത് പ. കാതോലിക്കാ ബാവാ തിരുമേനിയോടൊപ്പമാണ്. പ. ബാവായോടു പുലർത്തിയ വാത്സല്യവും ഭക്തിയും സ്നേഹവും ഉൾക്കൊണ്ട് 1963 ജൂൺ 8-ന് റ്റി. സി. ജോണിന് പ. ബാവാ കോറൂയോ പട്ടം നൽകി.

പിന്നീട്, പല പ്രധാന സന്ദർഭങ്ങളിലും ഡീക്കൻ റ്റി. സി. ജോൺ പ. ബാവായോടൊപ്പം ഉണ്ടായിരുന്നു. അക്കാലത്ത് പ. ബാവായുടെ പ്രധാന സെക്രട്ടറിമാർ ഫാ. റ്റി. എം. സഖറിയായും, ഫാ. റ്റി. ജി. സഖറിയായും ആയിരുന്നു. ആരാധനയിൽ അവർ പ. ബാവായുടെ ഇടത്തും വലത്തുമായി നിലനിന്നിരുന്നു. പ. ബാവായ്ക്ക് തൈലാഭിഷേക ശുശ്രൂഷ നൽകുമ്പോഴും അദ്ദേഹത്തിന്റെ അന്ത്യനിമിഷങ്ങളിലും ഡീക്കൻ റ്റി. സി. ജോൺ സാക്ഷ്യം വഹിച്ചു.

ഗുരുക്കന്മാരായ പ. ഗീവർഗീസ് ദ്വിതീയൻ ബാവാ നൽകിയ അവസാനത്തെ കോറൂയോ ശുശ്രൂഷയും (1963 ജൂൺ 8), തോമാ മാർ ദിവന്നാസിയോസ് നൽകിയ അവസാനത്തെ (1966 ജൂൺ 8) കശ്ശീശാ പട്ടംകൊട ശുശ്രൂഷയും തണ്ടളത്ത് ഫാ. റ്റി. സി. ജോണിനായിരുന്നു. കോറൂയോ സ്ഥാനം നൽകുമ്പോൾ പരിശുദ്ധ ബാവയ്ക്ക് 89 വയസും കശ്ശീശ പട്ടം നൽകുമ്പോൾ തോമാ മാർ ദിവന്നാസിയോസിന് 80 വയസ്സുമായിരുന്നു. പ്രതിഭാശാലികളും ഋഷിവര്യരുമായ ഈ പിതാക്കന്മാർ പകർന്ന ബോധ്യവും ബോധനവും ഫാ. റ്റി. സി. ജോണിന്റെ ജീവിതത്തിന് വഴിയും വെളിച്ചവും പകർന്നു.

3. ഇടയ പരിപാലനവും നേതൃത്വവും

ഇടയപരിപാലനത്തിൽ അരനൂറ്റാണ്ടിന്റെ സുദീർഘമായ പാരമ്പര്യമാണ് റ്റി. സി. ജോൺ അച്ചനുള്ളത്. ശെമ്മാശു പദവിയിലേക്ക് 23 വയസ്സിലും വൈദിക ശുശ്രൂഷയിലേക്ക് 28-ാം വയസ്സിലും പ്രവേശിച്ചു. 2014 മുതൽ തഴക്കര എം. എസ്. സെമിനാരിയുടെ മാനേജരും വികാരിയുമായി സ്തുത്യർഹമായി ശുശ്രൂഷിച്ചു. ധീരമായ നേതൃത്വം, സംഘടനാശേഷി, കർമ്മ കുശലത, പൈതൃക വാത്സല്യം എന്നിവ സ്വതസിദ്ധമാക്കിയ ഫാ. റ്റി. സി. ജോണിന്റെ ഇടയ ശുശ്രൂഷകൾ വളരെ ദൈർഘ്യമുള്ളതാണ്. കാരിച്ചാൽ സെന്റ്. ജോർജ് പള്ളിയിൽ

വികാരിയായി സേവനം അനുഷ്ടിച്ചത് 12 വർഷമാണ്. കരുവാറ്റ മാർ യാക്കോബ് പള്ളിയിലും കാർത്തികപ്പള്ളി സെന്റ് തോമസ് പള്ളിയിലും ഹരിപ്പാട് സെന്റ് മേരീസ് പള്ളിയിലും വികാരിയായി സേവനം അനുഷ്ഠിച്ചത് ഏഴു വർഷം വീത മാണ്. മാതൃ ദേവാലയമായ ചേപ്പാട് സെന്റ് ജോർജ് പള്ളിയിലും ഒരു വർഷം വികാരിയായിരുന്നു. വലുതും ചെറുതുമായ പലയിടവകയിലും റ്റി. സി. ജോൺ അച്ചന്റെ സേവനം ലഭ്യമായിട്ടുണ്ട്. ഇടയ ശുശ്രൂഷകൾ അധികവും നിരണം ഭദ്രാസനത്തിന്റെ പടിഞ്ഞാറൻ മേഖലകൾ കേന്ദ്രീകരിച്ചായിരുന്നു.

സഭയിൽ റീത്ത് അധിനിവേശവും പ്രൊട്ടസ്റ്റന്റ് സ്വാധീനവും ഉണ്ടായ സമ യങ്ങളിൽ ഇടവകകളെ ഓർത്തഡോക്സ് വിശ്വാസത്തിൽ ഉറപ്പിച്ചു നിർത്തു വാൻ അക്ഷീണം യത്നിച്ച റ്റി. സി. ജോൺ അച്ചൻ ഇടവക ശുശ്രൂഷാ കാലത്ത് സഭാ വിശ്വാസം ത്യജിച്ചവരെ പ്രത്യേകം സന്ദർശിച്ച് വിശ്വാസ പ്രബോധനം നടത്തി ഇടവകയിലേക്ക് തിരികെ കൊണ്ടുവന്ന നിരവധി ചരിത്രം ഉണ്ട്. കരു വാറ്റ മാർ യാക്കോബ് ബുർദ്ദാന പള്ളി വികാരിയായി സേവനം അനുഷ്ഠിച്ച പ്പോൾ റീത്ത് സഭയിൽ ചേർന്ന കാവനാട്ട് അച്ചനെ പല പ്രാവശ്യം സന്ദർശിച്ച് പ്രബോധനങ്ങൾ നടത്തി തിരികെ മലങ്കര സഭയിൽ കൊണ്ടുവരാൻ പ്രത്യേകം താൽപര്യം പ്രകടമാക്കി. പിന്നീട് കാവനാട്ട് അച്ചനെ പരുമല സെമിനാരി ആശു പത്രിയുടെ ചാപ്ലനായി പ. മാത്യൂസ് പ്രഥമൻ ബാവ നിയമിച്ചു. ഇത്ര ധീരമായ നടപടികൾക്ക് നേതൃത്വം നൽകുവാൻ റ്റി. സി. ജോൺ അച്ചന് കഴിഞ്ഞത് പ. ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായുമായുള്ള ബന്ധവും വാത്സ ല്യവും വഴി ലഭ്യമായ സ്വാധീനമായിരുന്നു.

മലങ്കര സഭയുടെ അദ്ധ്യക്ഷന്മാരായ ആറ് കാതോലിക്കാ ബാവാമാരുടെ വാത്സല്യവും സ്നേഹവും സ്വീകരിക്കുവാൻ റ്റി. സി. ജോൺ അച്ചന് സാധിച്ചി ട്ടുണ്ട്. പ. ഗീവർഗീസ് ദ്വിതീയൻ ബാവ, പ. ഔഗേൻ ബാവ, പ. മാത്യൂസ് പ്രഥ മൻ ബാവ, പ. മാത്യൂസ് ദ്വതീയൻ ബാവ, പ. ദിദിമോസ് ബാവ, ഇപ്പോഴത്തെ പ. പൗലോസ് ദ്വതീയൻ കാതോലിക ബാവ എന്നിവരുടെ ഉപദേശങ്ങളും നിർദ്ദേ ശങ്ങളും സ്വീകരിച്ച് വിവിധ നിലകളിൽ ഇടയ പരിപാലനം നിർവ്വഹിച്ചു. നിരണം ഭദ്രാസനത്തിലെ വൈദികനായിരുന്ന റ്റി. സി. ജോൺ അച്ചൻ 2002-ൽ മാവേ ലിക്കര ഭദ്രാസനം ഉണ്ടായപ്പോൾ മാവേലിക്കര ഭദ്രാസനത്തിന്റെ അഡ്ഹോക്ക് കമ്മിറ്റിയിലും ഭദ്രാസന വൈദിക സംഘത്തിൽ എട്ടു വർഷം സെക്രട്ടറിയായും പ്രവർത്തിച്ചു. പിന്നീട് ഇടുക്കി ഭദ്രാസനത്തിലെ ഉപ്പുതറ സെന്റ് ജോർജ് പള്ളി യിൽ നിന്നുള്ള മലങ്കര അസോസിയേഷൻ പ്രതിനിധിയായും പ്രവർത്തിച്ചു.

എവിടെ ശുശ്രൂഷകൾ നിർവ്വഹിച്ചാലും സഭയുടെ നിയമം, ചട്ടം, പാരമ്പര്യം എന്നിവ കർശനമായി പരിപാലിക്കുന്നതിൽ റ്റി. സി. ജോൺ അച്ചൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. വിശ്വാസ പ്രബോധനത്തിലും സഭാ ബന്ധത്തിലും ഇടവക ജന ങ്ങളെ ഉറപ്പിച്ചു നിർത്തുവാൻ ജാഗ്രത പുലർത്തിയിരുന്നു. ഭരണകാര്യങ്ങളിൽ ധീരമായ നിലപാടുകൾ സ്വീകരിക്കുമ്പോഴും ഇടവക ജനങ്ങളെ പ്രത്യേകം സ്നേഹിക്കുകയും കരുതുകയും ചെയ്തിരുന്നു. ഇടവകയിലെ എല്ലാ വിഭാഗ ത്തിലുമുള്ളവരെ ഒരുപോലെ സ്നേഹിക്കുവാനും നയിക്കുവാനും കഴിയുന്ന ഇടയ പരിപാലന നൈപുണ്യമാണ് റ്റി. സി. ജോണച്ചനിൽ പ്രകാശം പരത്തു ന്നത്.

4. ഭരണ നൈപുണ്യവും ശുശ്രൂഷയും

സഭയുടെ വിവിധങ്ങളായ ഭരണ സമിതികളിൽ കർമ്മനിരതനായി പ്രവർത്തിക്കുവാൻ റ്റി. സി. ജോൺ അച്ചന് അവസരം ലഭിച്ചു. മലങ്കര സഭ മാനേജിങ്ങ് കമ്മിറ്റി അംഗം എന്ന നിലയിൽ ഏകദേശം കാൽ നൂറ്റാണ്ടിൽ അധികം ശുശ്രൂഷിച്ചു. സഭാ മാനേജിങ്ങ് കമ്മിറ്റിയിൽ 1980-2002 വരെയും 2007-2012 വരെയും അംഗമായ റ്റി. സി. ജോൺ അച്ചൻ ഒറീസാ ദുരിതാശ്വാസ കമ്മിറ്റിയിലും മിഷൻ സൊസൈറ്റിയിലും അംഗമായിരുന്നു. സഭയുടെ കേന്ദ്ര തല പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതോടൊപ്പം ഭദ്രാസനതല പ്രവർ ത്തനങ്ങൾക്കും അതീവ ജാഗ്രത പുലർത്തിയിരുന്നു. നിരണം ഭദ്രാസന കൗൺ സിലിൽ അംഗമായും ഭദ്രാസന തലത്തിലുള്ള വിവിധ സമിതികൾക്ക് നേതൃത്വം നൽകി. സെന്റ് തോമസ് വൈദിക സംഘത്തിന്റെ കേന്ദ്ര കോ-ഓഡി നേറ്ററായും പ്രവർത്തിച്ചു.

പരുമല സെന്റ് ഗ്രിഗോറിയോസ് ആശുപത്രി കൗൺസിൽ അംഗമായി പത്തു വർഷം പ്രവർത്തിച്ചു. ഹരിപ്പാട്ടു നിന്നും പ്രസിദ്ധീകരിക്കുന്ന 'സ്നേഹ ലോകം' മാസികയുടെ പ്രിന്ററും പബ്ലിഷറുമായി രണ്ട് ദശാബ്ദം പ്രവർത്തിച്ചു. സഭയുടെ പ്രവർത്തനങ്ങളിൽ മാത്രമല്ല എക്യുമെനിക്കൽ രംഗത്തും റ്റി. സി. ജോൺ അച്ചന് പങ്കാളിത്തം ഉണ്ടായിരുന്നു. കേരളാ കൗൺസിൽ ഓഫ് ചർച്ചസിന്റെ നിരണം ഭദ്രാസനത്തിൽ നിന്നുള്ള പ്രതിനിധിയായി വളരെക്കാലം പ്രവർത്തിക്കുവാൻ കഴിഞ്ഞു. സഭയേയും സമൂഹത്തേയും കുറിച്ചുള്ള ഉൾക്കാഴ്ചകൾ സ്വാംശീ കരിക്കുവാൻ വിശാലമായ എക്യുമെനിക്കൽ പ്രസ്ഥാനങ്ങളിൽ കൂടി സാധിച്ചി ട്ടുണ്ട്. സഭാ കാര്യങ്ങളിൽ വളരെ യാഥാസ്ഥിതികനും എന്നാൽ സാമൂഹിക കാഴ്ച പ്പാടുകളിൽ ഉത്പതിഷ്ണുവുമായ വ്യക്തിത്വമാണ് റ്റി. സി. ജോൺ അച്ചൻ.

ഫാദർ റ്റി. സി. ജോൺ മലങ്കര സഭയിൽ ആധുനിക കാലത്ത് നടന്ന (1967 -1999) നാല് മൂറോൻ കൂദാശകളിൽ പങ്കെടുത്ത് നേതൃത്വം നല്കി. പ. ഔഗേൻ ബാവ പഴയ സെമിനാരിയിൽ 1967 ഡിസംബർ 21-ന് മൂറോൻ കൂദാശ നടത്തി യപ്പോൾ ആദ്യമായി അതിൽ സംബന്ധിച്ചു. അക്കാലത്ത് ശെമ്മാശനായി തോമാ മാർ ദിവാന്നാസിയോസിന്റെ സെക്രട്ടറിയായി ശുശ്രൂഷിക്കുകയായിരുന്നു. പിന്നീട് സഭയിൽ നടന്ന എല്ലാ മൂറോൻ കൂദാശകളിലും ഫാ. റ്റി. സി. ജോൺ സജീവ മായി പങ്കുചേർന്നു. 1977 ഏപ്രിൽ ഒന്നിന് പ. മാത്യൂസ് പ്രഥമൻ ബാവ പഴയ സെമിനാരിയിൽ നടത്തിയ മൂറോൻ കൂദാശയിൽ 12 വൈദികരിൽ ഒരാളായി ശുശ്രൂഷയിൽ പങ്കുചേർന്നു. ദേവലോകം അരമനയിൽ 1988 മാർച്ച് 25-നും 1999 മാർച്ച് 26-ന് പ. മാത്യൂസ് പ്രഥമൻ കാതോലിക്ക ബാവ നടത്തിയ മൂറോൻ കൂദാശകളിലും ഫാ. റ്റി. സി. ജോൺ 12 വൈദികരിൽ ഒരാളായി ശുശ്രൂഷയിൽ പങ്കുചേർന്നു.

5. സുവിശേഷ ദൗത്യവും പ്രതിബദ്ധതയും

മലങ്കരയിലെ പ്രതിഭാശാലികളായ പ. ഗീവർഗീസ് ദ്വിതീയൻ ബാവായോടും തോമാ മാർ ദിവന്നാസിയോസിനോടും പുലർത്തിയ സ്നേഹവും ഭക്തിയും ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രപ്പോലീത്തയിലേക്കും കവി ഞ്ഞൊഴുകിയപ്പോൾ സുവിശേഷ ദൗത്യത്തോടും സാമൂഹിക പ്രതിബന്ധത യോടുമുള്ള കാഴ്ചപ്പാട് ശക്തിപ്പെട്ടു. ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത സുവിശേഷ സംഘത്തിന്റെ പ്രവർത്തനങ്ങൾ നിരണം ഭദ്രാ സനത്തിന്റെ പടിഞ്ഞാറൻ മേഖലകളിൽ വ്യാപിക്കുന്നതിനായി 1975-ൽ കാർത്തി കപ്പള്ളിയിൽ നടത്തിയ പ്രഥമ ആലോചന യോഗത്തിൽ റ്റി. സി. ജോൺ അച്ചന്റെ സാന്നിധ്യം സജീവമായിരുന്നു. പടിഞ്ഞാറൻ മേഖലകളിലെ 14 പള്ളികൾ കേന്ദ്രീ കരിച്ച് ഹരിപ്പാട് ഒരു സെന്റർ ഉണ്ടാകുന്നതിനു വേണ്ടി രൂപികരിച്ച അഡ്ഹോക്ക് കമ്മിറ്റിയുടെ പ്രസിഡന്റായി ഫാ. റ്റി. സി. ജോൺ നിയമിതനായി. വൈസ് പ്രസിഡന്റ് വന്ദ്യ. എം. കെ മത്തായി അച്ചൻ ആയിരുന്നു. ഇരുവരും ഉറ്റ സുഹൃ ത്തുക്കൾ ആണ്.

ഹരിപ്പാട് കേന്ദ്രീകരിച്ച് സുവിശേഷയോഗം, ആതുരസേവനം, മിഷൻ സെന്റർ എന്നിവ ലക്ഷ്യമാക്കി ഒരു സ്ഥാപനം ആരംഭിക്കുന്നതിനായി വസ്തു കണ്ടെത്തുകയായിരുന്നു ആദ്യ ശ്രമം. വസ്തു സെന്റിന് 1000 രൂപ വെച്ച് ഒരു ഏക്കർ 10 സെന്റ് സ്ഥലം അധികം താമസിക്കാതെ ഹരിപ്പാട് വലിയപറമ്പിൽ കൊച്ചുകുഞ്ഞിന്റെ കൈയ്യിൽ നിന്നും വാങ്ങി സെന്റ് തോമസ് മിഷൻ കേന്ദ്രം ആരംഭിച്ചു. ഇത് ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത യുടെ കർമ്മമണ്ഡലം ഹരിപ്പാട് കേന്ദ്രീകരിച്ച് വ്യാപിപ്പിക്കുവാൻ മുഖാന്തിര മായി. പിന്നീട് സഭയുടെ വിവിധങ്ങളായ മിഷൻ പ്രവർത്തനങ്ങൾക്ക് ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയോടൊപ്പം പങ്കുചേരുകയും നേതൃത്വം നൽകുകയും ചെയ്തു. മാവേലിക്കര മിഷൻ ബോർഡിലും മിഷൻ സൊസൈറ്റിയിലും ദീർഘകാലം സജീവ അംഗമായിരുന്നു. ഹരിപ്പാട് മിഷൻ സെന്ററിന്റെ പ്രസിഡന്റായും (1978-96), വൈസ് പ്രസിഡന്റായും ഹരിപ്പാട് ബാല ഭവന്റെ ഡയറക്ടറായും (1975-1996) ഫാ. റ്റി. സി. ജോൺ പ്രവർത്തിച്ചു. അതി ജീവനത്തിന്റെയും നിശ്ചയദാർഢ്യത്തിന്റെയും പ്രതീകമായ അദ്ദേഹം ആത്മീയ നിറവിലും ശിക്ഷണ ബോധ്യത്തിലും കർമ്മമേഖല രൂപപ്പെടുത്തുകയും വിപു ലമാക്കുകയും ചെയ്തു.

സമൂഹത്തോടും പാവപ്പെട്ടവരോടും കാരുണ്യം പുലർത്തണമെന്നും സാമൂഹ്യ നീതിക്കായി ദാഹിക്കണമെന്നുള്ള ദർശനം റ്റി. സി. ജോൺ അച്ച നിൽ ഉറപ്പിച്ചത് ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തയാണ്. അദ്ദേഹത്തിന്റെ കല്പനകളും ദർശനങ്ങളും ഉൾക്കൊണ്ട റ്റി. സി. ജോൺ അച്ചൻ ഗീവർഗീസ് മാർ ഒസ്താത്തിയോസിന്റെയും ഉത്തമശിഷ്യനും സന്തത സഹചാരിയുമായി തീർന്നു. ആരാധനയിലും സുവിശേഷ ദൗത്യത്തിലും അധി ഷ്ഠിതമായ ആദ്ധ്യാത്മീക ശൈലി ഇടയശുശ്രൂഷയിൽ രൂപപ്പെടുത്തണമെന്നു അത് സാമൂഹിക പ്രതിബദ്ധതയിൽ കേന്ദ്രീകൃതമായിരിക്കണമെന്നും ഫാ. റ്റി. സി. ജോൺ മിഷൻ രംഗത്തെ പുതുതലമുറയെ പ്രബോധിപ്പിക്കുന്നു. ❑



അൽ കഫ്ജി സെന്റ് മേരീസ് കോൺഗ്രിഗേഷനെ ഇടവകയായി പ്രഖ്യാപിച്ചു

സൗദി അറേബ്യയിൽ സന്ദർശനത്തിന് എത്തിച്ചേർന്ന തൃശ്ശൂർ ഭദ്രാസന മെത്രാപ്പോലീത്ത യൂഹാനോൻ മാർ മിലിത്തോസിന് അൽ ഖഫ്ജി സെന്റ് മേരീസ് ഓർത്തഡോക്സ് കോൺഗ്രിഗേഷൻ സ്വീകരണം നൽകി. ഇതാദ്യമായാണ് മലങ്കര ഓർത്തഡോക്സ് സഭയുടെ ഒരു മെത്രാപ്പോലീത്ത അൽ ഖഫ്ജിയിൽ സന്ദർശനം നടത്തുന്നത്. മെത്രാപ്പോലീത്തായുടെ കാർമ്മികത്വത്തിൽ മാർച്ച് 3-ന് വെള്ളിയാഴ്ച വൈകിട്ട് നടത്തിയ സമൂഹബലിയിൽ ഫാ. റെജി മാങ്കുഴ, ഫാ. നോമ്പിൾ സ്ക്കറിയ എന്നിവർ സഹകാർമികരായിരുന്നു. കഫ്ജി സെന്റ് മേരീസ് കോൺഗ്രിഗേഷനെ ഇടവകയായി അംഗീകരിച്ച ഇടവക മെത്രാപ്പോലീത്തായുടെ കല്പന വായിക്കുകയും, ഇടവകയായി പ്രഖ്യാപിക്കുകയും ചെയ്തു.







അന്തരിച്ച മലയാള ചലച്ചിത്ര നടനും മുൻ എംപിയും ആയ ഇന്നസെന്റിന് ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് പരിശുദ്ധ ബാവായുടെ നിർദ്ദേശപ്രകാരം മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയ്ക്ക് വേണ്ടി അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്ത യൂഹാനോൻ മാർ പോളിക്കാർപ്പോസ് പുഷ്പചക്രം സമർപ്പിച്ച് ശുശ്രൂഷകൾക്ക് സഹകാർമികത്വം വഹിച്ചു.



സാമൂഹ്യപ്രതിബദ്ധത യുവജനങ്ങളുടെ മുഖമുദ്രയായി മാറണം: കുര്യാക്കോസ് മാർ ക്ലിമിസ്

പത്തനംതിട്ട: സാമൂഹ്യ പ്രതിബദ്ധതയുള്ള യുവജനങ്ങൾ നാടിന് അഭിമാനമാണെന്നും അവർ നാടിന്റെ മുഖമുദ്ര ആയി മാറണം എന്നും തുമ്പമൺ ഭദ്രാസന മെത്രാപ്പോലീത്താ കുര്യാക്കോസ് മാർ ക്ലിമിസ്. തുമ്പമൺ ഭദ്രാസന യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ നടത്തുന്ന 'കൂടൊരുക്കാൻ കൂട്ടുകാർ' എന്ന ഭവന നിർമ്മാണ പദ്ധതിയുടെ ഭാഗമായുള്ള ആദ്യ ഭവനത്തിന്റെ കട്ടളവെപ്പും നാല് ഭവനങ്ങളുടെ അടിസ്ഥാന ശില കൂദാശയും നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. മാറുന്ന സാമൂഹിക ചുറ്റുപാടിൽ സഹജീവികളുടെ പ്രതിസന്ധികളിൽ കൈത്താങ്ങാവാൻ സാധിക്കുന്ന പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നത് യുവജനങ്ങൾ നൽകുന്ന വലിയ മാതൃകയാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ. എബി ടി. സാമുവൽ അധ്യക്ഷത വഹിച്ചു. ഭദ്രാസന യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ 5 വീടുകൾ ആണ് നിർമിച്ചു നൽകുന്നത്.



അട്ടപ്പാടി സെന്റ് തോമസ് ആശ്രമത്തിന്റെ ആഭിമുഖ്യത്തിൽ പുതിയ രണ്ടു ഭവനങ്ങൾക്ക് അടിസ്ഥാന ശില ഇട്ടു. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന ഒരു കുടുംബത്തിനും ഭവനരഹിതരായ രണ്ട് വിദ്യാർത്ഥി സഹോദരങ്ങൾക്കുമാണ് വീടുകൾ പണിതു നൽകുന്നത്. യൂഹാനോൻ റമ്പാൻ, പോൾ റമ്പാൻ എന്നിവർ ചടങ്ങുകൾക്ക് നേതൃത്വം നൽകി.



പത്തനംതിട്ട കാതോലിക്കേറ്റ് കോളജ് പ്രിൻസിപ്പലായി ഡോ. സുനിൽ ജേക്കബ് ചുമതലയേറ്റു.

ഡാലസ് സെന്റ് മേരിസ് വലിയപള്ളി സുവർണ്ണ ജൂബിലി ഉദ്ഘാടനം ഏപ്രിൽ 9–ന്

ഡാലസ്: അമേരിക്കയിലെ ആദ്യകാല ദേവാലയങ്ങളിൽ ഒന്നായ ഡാലസ് സെന്റ് മേരിസ് ഓർത്തഡോക്സ് വലിയപള്ളിയുടെ സുവർണ ജൂബിലി ഉദ്ഘാടനം ഏപ്രിൽ 9 ഞായറാഴ്ച ഉയിർപ്പ് പെരുന്നാൾ ശുശ്രൂഷകൾക്ക് ശേഷം സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസന മെത്രാപ്പോലീത്താ ഡോ. തോമസ് മാർ ഇവാനിയോസ് നിർവഹിക്കും. വിവിധ തലങ്ങളിൽ സഭയുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന പ്രമുഖ വ്യക്തികൾ പ്രസ്തുത സമ്മേളനത്തിൽ സംബന്ധിക്കും.

സുവർണ വർഷമായ 2023–ൽ വൈവിധ്യപൂർണ്ണമായ അനവധി കാര്യങ്ങളാണ് നടപ്പാക്കുന്നത്. സഭയിലെ പിതാക്കന്മാർ, സഭാ ഭാരവാഹികൾ ഉൾപ്പെടെയുള്ളവരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള സമ്മേളനങ്ങൾ, വൈവിധ്യമായ കലാവിരുന്നുകൾ, നിരാശ്രയരും, നിരാലംബരും ആയ വ്യക്തികൾക്ക് കൈത്താങ്ങാകുന്ന സഹായപദ്ധതികൾ തുടങ്ങിയ കാര്യങ്ങൾ നടപ്പാക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്തു വരുന്നു. 1973–ൽ ഏതാനും അംഗങ്ങൾ ചേർന്ന് രൂപം നൽകിയ ഒരു ചെറിയ പ്രാർത്ഥനകൂട്ടമാണ് ഇന്ന് സെന്റ് മേരീസ് വലിയപള്ളിയായി മാറിയിരിക്കുന്നത്. ഇരുന്നൂറിൽ അധികം കുടുംബങ്ങൾ ഇപ്പോൾ ഈ ദൈവാലയത്തിൽ കൂടി വരുന്നു.



സൗജന്യ എൻട്രൻസ് കോച്ചിങ് ആപ്പുമായി എം. ബി. സി എഞ്ചിനീയറിംഗ് കോളജ്

പീരുമേട്: സൗജന്യ എഞ്ചിനീയറിംഗ് എൻട്രൻസ് കോച്ചിംഗ് ആപ്പായ എം.ബി.സി. സൈനോഷുർ ഔദ്യോഗികമായ ലോഞ്ചിംഗ് ഇടുക്കി ജില്ലാ കളക്ടർ ഷീബ ജോർജ് ഐ.എ.എസ്. നിർവഹിച്ചു. എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷ എഴുതാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് സൗജന്യമായി മികച്ച പരിശീലനം നല്കുക എന്ന ഉദ്ദേശത്തോടെ കുട്ടിക്കാനം മാർ ബസേലിയോസ് എഞ്ചിനീയറിംഗ് കോളേജ് ആണ് എം.ബി.സി സൈനോഷുർ എന്ന പേരിൽ ഈ ഓൺലൈൻ കോച്ചിംഗ് ആപ്ലിക്കേഷൻ വികസിപ്പിച്ചിരിക്കുന്നത്.

ഫിസിക്സ്, കെമിസ്ട്രി മാത്തമാറ്റിക്സ് എന്നീ വിഷയങ്ങളിലുള്ള സംക്ഷിപ്തമായ നോട്ടുകളും, വീഡിയോ ക്ലാസ്സുകളും, പരിശീലന ചോദ്യങ്ങളും, ഉത്തര സൂചികകളും, മോഡൽ പരീക്ഷകളുമടക്കം എൻട്രൻസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന ഒരു വിദ്യാർത്ഥിക്ക് ആവശ്യമായതെല്ലാം ആപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ഇടുക്കി പോലെയുള്ള ഒരു പിന്നോക്ക ജില്ലയിൽ മത്സര പരീക്ഷകൾക്കാവശ്യമായ പരിശീലനം നല്കുന്ന മികച്ച സ്ഥാപനങ്ങളുടെ അപര്യാപ്തതയും, ഉള്ളവയുടെ ഫീസ് നിരക്കുകൾ സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന മിടുക്കരായ വിദ്യാർത്ഥികൾക്ക് താങ്ങാവുന്നതല്ല എന്നതുമാണ്; ഇത്തരമൊരു ആപ്പിന്റെ രൂപകല്പനയിലേക്ക് സ്ഥാപനത്തെ നയിച്ചത് എന്ന് കോളജ് ഡയറക്ടർ പ്രിൻസ് വർഗീസ് അറിയിച്ചു. കോളേജ് പ്രിൻസിപ്പൽ ഡോ. വി. ഐ. ജോർജ്, പ്ലേയിസ്മെന്റ് ഓഫീസർ നികിത് കെ സക്കറിയ എന്നിവർ പ്രസംഗിച്ചു. എം.ബി.സി സൈനോഷുർ എന്ന ഈ ഗൂഗിൾ അപ്ലിക്കേഷൻ തികച്ചും സൗജന്യമായി കേരളത്തിലാകെയുള്ള ഹയർ സെക്കണ്ടറി വിദ്യാർത്ഥികളിലേയ്ക്ക് എത്തിക്കാനാണ് എം.ബി.സി കോളജ് ലക്ഷ്യം വയ്ക്കുന്നത്.




കുവൈറ്റ് എപ്പിസ്ക്കോപ്പൽ ചർച്ചസ്സ് ഫെലോഷിപ്പിന്റെ (KECF) ആഭിമുഖ്യത്തിൽ വൈദിക സമ്മേളനം നടത്തി. KECF പ്രസിഡന്റ് ഫാ. ജോൺ ജേക്കബ് അദ്ധ്യക്ഷ വഹിച്ചു. കൽക്കട്ടാ ഭദ്രാസന മെത്രാപ്പോലീത്താ അലക്സിയോസ് മാർ യൗസേബിയോസ് ഉദ്ഘാടനം നിർവ്വഹിച്ചു. മാർത്തോമ്മാ സഭയുടെ ഡൽഹി, മുംബൈ ഭദ്രാസന മെത്രാപ്പോലീത്ത യൂയാക്കിം മാർ കൂറിലോസ് മുഖ്യസന്ദേശം നൽകി. കുവൈറ്റ് സെന്റ്. ബേസിൽ ഇടവക ആതിഥേയത്വം വഹിച്ചു.



ഫെററ്റേഡ് ഫാക്കൽറ്റി ഫോർ റിസേർച്ച് ഇൻ റിലീജയൻ ആൻഡ് കൾച്ചർ പോസ്റ്റ് ഗ്ര്യാജ്യുവേറ്റ് റിസേർച്ച് സെന്ററിൽ വാലിഡിറ്ററി ഫങ്ഷനിൽ പ്രധാന അതിഥിയായി FFRRC ലെ മുൻ പ്രൊഫസറും മലങ്കര സഭയുടെ സുൽത്താൻബത്തേരി ഭദ്രാസന മെത്രാപ്പോലീത്തായുമായ ഡോ. ഗീവർഗ്ഗീസ് മാർ ബർന്നബാസ് മുഖ്യ പ്രഭാഷണം നടത്തി.





മലങ്കരസഭാ ഭരണഘടന: ചരിത്രം, രേഖകൾ, ഭേദഗതികൾ

(പരിഷ്ക്കരിച്ച രണ്ടാം പതിപ്പ്)

ഡെറിൻ രാജു

മലങ്കര സഭയിൽ ചരിത്ര പുസ്തകങ്ങൾക്ക് അടുത്ത കാലത്ത് ഒന്നും ലഭിച്ചിട്ടില്ലാത്ത അഭൂതപൂർവ്വമായ സ്വീകാര്യത ലഭിച്ച 'മലങ്കര സഭാ ഭരണഘടന: ചരിത്രം, രേഖകൾ, ഭേദഗതികൾ' എന്ന പുസ്തകത്തിന്റെ പരിഷ്ക്കരിച്ച രണ്ടാമത്തെ പതിപ്പ് പുറത്തിറങ്ങുന്നു.

പ്രായോഗിക തലത്തിൽ ഉണ്ടായേക്കാവുന്ന നിരവധി സംശയങ്ങൾക്ക് ഉത്തരങ്ങൾ ഉൾപ്പെടെ ശ്രദ്ധേയമായ പല കൂട്ടിച്ചേർക്കലുകൾ പുതിയ പതിപ്പിലുണ്ട്. ആദ്യ പതിപ്പിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ഭരണഘടനയുടെ നിർമ്മാണ ചരിത്രം, ഇത:പര്യന്തം ഉണ്ടായിട്ടുള്ള സമ്പൂർണ ഭേദഗതികൾ, സുപ്രീം കോടതി വിധികൾ എന്നിവയ്ക്ക് പുറമേ 200 -ഓളം പേജുകൾ പുതിയ പതിപ്പിൽ അധികമായിട്ടുണ്ട്.

സഭാഭരണഘടനയ്ക്കുള്ളിൽ നിന്നുകൊണ്ട് ഇടവകഭരണം എങ്ങനെ നിർവഹിക്കാം എന്ന ചെങ്ങന്നൂരിൻറെ തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ ശ്രദ്ധേയമായ കൈപ്പുസ്തകം, സഭാചരിത്രകാരനായ ഡോ. എം. കുര്യൻ തോമസ്, സഭാചരിത്ര ഗവേഷകനും സഭാഭരണഘടനാ പഠിതാവുമായ വർഗീസ് ജോൺ തോട്ടപ്പുഴ എന്നിവരുടെ സുപ്രധാന ലേഖനങ്ങൾ എന്നിവ അനുബന്ധത്തിൽ.

408 പേജുകൾ, വില: 350 രൂപ

പ്രീ പബ്ലിക്കേഷൻ വില: 300 രൂപ (2023 ഏപ്രിൽ 15 വരെ)

രജിസ്റ്റേർഡ് തപാലിൽ പുസ്തകം വീട്ടിൽ ലഭിക്കുവാൻ ബന്ധപ്പെടുക.

Joice Thottackad, Sophia Books, Kottayam 686001
Mobile/WhatsApp 7012270083
G Pay No. 9947120697